VOL NO: 09
ISSUE 25
2025 JUNE 21
₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

■ മുഹർറം; ആത്മവിചിന്തനത്തിന്റെ പുലരികൾ



# ലോക ഭീകരൻ ഇറാനെ ആക്രമിക്കുമ്പോൾ

പശ്ചിമേഷ്യ വീണ്ടുമൊരു യുദ്ധത്തിന് സാക്ഷിയായിരിക്കുന്നു. കൊന്നും തിന്നും കൊതി തീരാതെ നെതന്യാഹു ഇപ്പോൾ ഇറാനെതിരെയാണ് ആയുധമെടുത്തിരിക്കുന്നത്. സ്വാർഥ താൽപര്യങ്ങളുടെ സംരക്ഷണത്തിനായി ഭരണത്തലവന്മാർ ചെയ്യുന്ന ചെയ്തികൾക്ക് ലോകം മുഴുക്കെ ദുരിതമനുഭവിക്കുന്നത് ഖേദകരമാണ്.

തിന്മകൾ വെടിയുന്നതിന്റെ പ്രേരകം

ഇസ്‌ലാം; ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന മതം

മരണം തേടിയെത്തിയ 1206 എന്ന 'ഭാഗ്യനമ്പർ'




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

439
നേർപഥം
വാരിക
2025 ജൂൺ 21
1446 ദുൽഹിജ്ജ 24
പുസ്തകം 09 / ലക്കം 25




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




സുഫ്‌യാൻ അബ്ദുസ്സലാം

പശ്ചിമേഷ്യ വീണ്ടുമൊരു യുദ്ധത്തിന് സാക്ഷിയായിരിക്കുന്നു. കൊന്നും തിന്നും കൊതി തീരാതെ നെതന്യാഹു ഇപ്പോൾ ഇറാനെതിരെയാണ് ആയുധമെടുത്തിരിക്കുന്നത്. സ്വാർഥ താൽപര്യങ്ങളുടെ സംരക്ഷണത്തിനായി ഭരണത്തലവന്മാർ ചെയ്യുന്ന ചെയ്തികൾക്ക് ലോകം മുഴുക്കെ ദുരിതമനുഭവിക്കുന്നത് ഖേദകരമാണ്.

05 മുഖമൊഴി
തിന്മകൾ വെടിയുന്നതിന്റെ പ്രേരകം

06 കർമപഥം
ഇസ്‌ലാമിലെ വിവാഹം
വിവ: അബ്ദുൽ ജബ്ബാർ മദീനി

09 നമുക്കുചുറ്റും
മരണം തേടിയെത്തിയ 1206 എന്ന 'ഭാഗ്യനമ്പർ'
ഡോ. ഷഹബാസ് കെ അബ്ബാസ്

16 കഥ
ഗുൽമോഹർ പൂക്കൾ ഓർമിപ്പിക്കുന്നത്
ഫാത്വിമ സുഹൈറ ബി.കെ.

18 ലേഖനം
വൈകാരിക കഥകൾ
ഡോ. ടി. കെ. യൂസുഫ്

21 ലേഖനം
ഇസ്‌ലാം; ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന മതം
ശമീർ മദീനി

23 ലേഖനം
തന്ത്രവും കുതന്ത്രവും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ ഒമാൻ

26 ലേഖനം
പ്രബോധകന്റെ മനസ്സ്
ഹാഷിം

29 ലേഖനം
മുഹർറം; ആത്മവിചിന്തനത്തിന്റെ പുലരികൾ
റോഷൻ പുനലൂർ

31 ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു റൂം
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

34 കവിത
അവന്റെ മരണം
ഉമ്മു അൽയസഅ്

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവക്കണം: വിസ്ഡം

കോഴിക്കോട്: പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്കുള്ള പുരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് വിസ്ഡം ഇസ് ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രവർത്തകസമിതി ആവശ്യപ്പെട്ടു.

ദുരിതബാധിതരുടെ വിവരശേഖരണം കൃത്യമായി സർക്കാർ വശം ഉണ്ടായിട്ടും, സഹായത്തിനായി ഓഫീസുകളിൽ കയറിയിറങ്ങേണ്ട സാഹചര്യത്തിലാണ് ഓരോ പ്രദേശത്തെയും ദുരിതബാധിതർ എന്നത് സങ്കടകരമായ കാഴ്ചയാണ്. വിവിധ ദുരന്ത സന്ദർഭങ്ങളിൽ സർക്കാറിന്റെ പുനരധിവാസ പ്രഖ്യാപനങ്ങൾ വരുന്നതിലെ കാലതാമസം ഒഴിവാക്കി ജനകീയമായി പുനരധിവാസം നടത്താൻ സർക്കാർ പൊതുനയം രൂപപ്പെടുത്തണം.

പ്രകൃതി ദുരന്തങ്ങൾക്കും വിമാനം, ട്രെയിൻ ഉൾപ്പെടെയുള്ള യാത്രാമധ്യേ വരുന്ന അപകടങ്ങൾക്കും മറ്റും വിധേയമാകുന്നവർക്ക് തൊഴിലിനും തുടർ ചികിത്സക്കും മാസാന്ത സാമ്പത്തിക സഹായത്തിനും യുദ്ധകാലാടിസ്ഥാനത്തിൽ പരിഗണന നൽകണം. കാലതാമസമില്ലാതെ സഹായമെത്തിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ സത്വര ശ്രദ്ധവേണം. വർഷങ്ങൾക്ക് മുമ്പ് അപകടങ്ങളിൽ പെട്ടവർ പോലും അർഹമായ സഹായധനം ലഭിക്കാൻ ഇപ്പോഴും കാത്തു നിൽക്കേണ്ട സാഹചര്യത്തിലാണെന്നത് ദുഃഖകരമാണ്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, നാസിർ ബാലുശ്ശേരി, ഡോ. മുഹമ്മദ് ശഹീർ, കെ, അബൂബക്കർ ഉപ്പള (കാസർഗോഡ്), മുജീബുല്ല അൻസാരി (കണ്ണൂർ), അബ്ദുറഹ്മാൻ വി.എസ് (വയനാട്), ജമാൽ മദനി (കൊയിലാണ്ടി), അബ്ദുർറസാഖ് എഞ്ചിനീയർ അത്തോളി, അബ്ദുറഹ്മാൻ മദനി (പുളിക്കൽ), കെ.സി അയ്യൂബ്, നബീൽ രണ്ടത്താണി, അശ്റഫ് വെൽക്കം, അബ്ദുൽ ഖാദിർ പറവണ്ണ, അബ്ദുൽ ഖാദിർ കൊണ്ടോട്ടി, അബ്ദുൽ ഫത്താഹ് വയനാട്, ഹുസൈൻ കാവനൂർ, ഹൈദരലി തൃശൂർ, മുജീബ് ഒട്ടുമ്മൽ, ഷാജഹാൻ മഞ്ചേരി, ഹനീഫ് ഓടക്കൽ (മലപ്പുറം), റഷീദ് മാസ്റ്റർ കാരപ്പുറം, റിയാസ് (തൃശൂർ), ഫൈസൽ (എറണാകുളം), നിസാർ കരുനാഗപ്പള്ളി, നസീർ തിരുവനന്തപുരം തുടങ്ങിയവർ സംസാരിച്ചു.

# തിന്മകൾ വെടിയുന്നതിന്റെ പ്രേരകം

അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചുള്ള ഭയവും രക്ഷയെക്കുറിച്ചുള്ള പ്രതീക്ഷയുമാണ് തിന്മകൾ വെടിയുവാനും നന്മകൾ ചെയ്യുവാനുമുള്ള പ്രചോദനം. അല്ലാഹുവും അവന്റെ ദൂതനും നന്മയായി പഠിപ്പിച്ചതെന്തോ അതെല്ലാം നന്മയും തിന്മയായി ചൂണ്ടിക്കാട്ടിയതെന്തോ അതെല്ലാം തിന്മയുമാണെന്ന് ഉറച്ചുവിശ്വസിക്കുന്നവനാണ് ഒരു സത്യവിശ്വാസി. അഥവാ ഇസ്‌ലാം തിന്മയെന്നു പറഞ്ഞ ഒരു കാര്യം നന്മയാണെന്നോ നന്മയെന്നു പറഞ്ഞ ഒരു കാര്യം തിന്മയാണെന്നോ കരുതുവാനുള്ള അവകാശം ഒരു വിശ്വാസിക്കില്ല.

ചെറുതും വലുതുമായ നന്മകളെല്ലാം ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ആ നന്മകൾ സ്വജീവിതത്തിൽ പകർത്തൽ അനിവാര്യമാണെന്ന് ഇസ്‌ലാം അറിയിക്കുന്നു. മുഹമ്മദ് നബി(സ) സംഭവബഹുലമായ തന്റെ ജീവിതത്തിലൂടെ അവയെല്ലാം പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു. മനുഷ്യനോട് സമൂഹത്തിൽനിന്നുമകന്ന് ആരുമായും യാതൊരു ബന്ധവും പുലർത്താതെ ആരെയും യാതൊരുനിലയ്ക്കും സഹായിക്കാതെ ആരാധനകളിൽ നിരതനായി ഒറ്റപ്പെട്ടു ജീവിക്കുവാനല്ല ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്. അവൻ സാമൂഹ്യ ജീവിയാണ്. അതുകൊണ്ടുതന്നെ സമൂഹത്തിൽ അവനുള്ള റോളുകളിൽനിന്ന് അവൻ ഒളിച്ചോടുവാൻ പാടില്ല. മാതാപിതാക്കളോട്, മക്കളോട്, ഭാര്യയോട്, ഭർത്താവിനോട്, സഹോദരീ സഹോദരന്മാരോട്, കുടുംബക്കാരോട്, അയൽവാസികളോട്, അഗതികളോട്, അനാഥരോട്, ജീവജാലങ്ങളോട്.... അങ്ങനെ എല്ലാവരോടും എല്ലാറ്റിനോടും നന്മയിൽ വർത്തിക്കുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. സത്യസന്ധത, കാരുണ്യം, ദയ, വിശ്വസ്തത, വിട്ടുവീഴ്ച, ക്ഷമ, വിനയം, നന്മയിൽ സഹകരിക്കൽ തുടങ്ങിയ, മനുഷ്യബന്ധങ്ങളെ സ്നിഗ്ധമാക്കുന്ന മുഴുവൻ ഗുണങ്ങളും ഉൾക്കൊള്ളുവാനും കളവ്, വഞ്ചന, അഹങ്കാരം, പാരുഷ്യം, കോപം, അസൂയ തുടങ്ങിയ എല്ലാ ദുർഗുണങ്ങളും വെടിയുവാനും പലിശ, ലഹരി, ചൂതാട്ടം, വ്യഭിചാരം, കൊല, കൊള്ള തുടങ്ങിയ മുഴുവൻ ദുശ്ചെയ്തികളും വർജിക്കുവാനും ഒരു മുസ്‌ലിം പ്രതിജ്ഞാബദ്ധനാണ്.

നന്മ, അതെത്ര ചെറുതാണെങ്കിലും അതിനെ നിസ്സാരമായി കാണരുത് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അബൂദർറ് ജുൻദബിബ്നുജുനാദ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) എന്നോട് പറഞ്ഞു: “നന്മയിൽ യാതൊന്നിനെയും നീ നിസ്സാരമാക്കരുത്; നിന്റെ സഹോദരനെ പ്രസന്നവദനനായി കണ്ടുമുട്ടുന്നതുപോലും” (മുസ്‌ലിം).

നിസ്സാരമായ ഒരു നന്മയ്ക്കുപോലും ഇസ്‌ലാം നൽകുന്ന സ്ഥാനം ഈ നബിവചനത്തിൽനിന്നുതന്നെ വ്യക്തമാണ്. നല്ലതായ ഒരു കാര്യവും ഒരു മുസ്‌ലിം നിസ്സാരമായി ഗണിക്കേണ്ടതില്ല. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവൻ ചെയ്യുന്ന ഏതൊരു നല്ല കാര്യവും അല്ലാഹു സ്വീകരിക്കും.

പുഞ്ചിരിയോടെ ഒരാളെ അഭിമുഖീകരിക്കുക എന്നതുപോലും അവഗണിക്കാവുന്നതല്ല. മനസ്സിൽ പകയും വിദ്വേഷവും ഇല്ലാത്തവർക്കേ അതിനു സാധിക്കുകയുള്ളൂ. ചില്ലറ പിണക്കം പോലും ഒരു പുഞ്ചിരിയിൽ മാഞ്ഞുപോകുമെന്നതാണ് യാഥാർഥ്യം.

സ്രഷ്ടാവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും എന്തെല്ലാമെന്ന് പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യൽ സത്യവിശ്വാസിയുടെ കടമയാണ്. വിശുദ്ധ ക്വുർആൻ പറയുന്നു: “...നല്ലതെന്ത് നിങ്ങൾ ചെയ്യുകയാണെങ്കിലും തീർച്ചയായും അല്ലാഹു അതറിയുന്നവനാകുന്നു” (2:215). “വല്ലവനും ഒരു നന്മ കൊണ്ടുവന്നാൽ അവന്ന് അതിന്റെ പതിന്മടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിന്മ കൊണ്ടുവന്നാൽ അതിനു തുല്യമായ പ്രതിഫലം മാത്രമെ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരു അനീതിയും കാണിക്കപ്പെടുകയില്ല” (6:161).

അബ്ദുൽ ജബ്ബാർ മദീനി



# ഇസ്‌ലാമിലെ വിവാഹം

**നികാഹിന്റെ നിബന്ധനകൾ**

1. *വരനെയും വധുവിനെയും നിർണയിക്കൽ*: ഒരാളെ നിർണയിക്കാതെ അവരുമായുള്ള വിവാഹ ഉടമ്പടി സാധുവാകുകയില്ല. ഒരാൾക്ക് ഒന്നിലധികം പെൺമക്കളുണ്ടെങ്കിൽ 'എന്റെ മകളെ ഞാൻ നിനക്ക് വിവാഹം കഴിച്ചു തന്നിരിക്കുന്നു' എന്നു പറയുന്നതുപോലെ. അല്ലെങ്കിൽ ഒരാൾക്ക് ഒന്നിലധികം ആൺമക്കളുണ്ടെങ്കിൽ 'നിന്റെ മകന് ഞാൻ അവളെ വവാഹം കഴിച്ചു നൽകിയിരിക്കുന്നു' എന്നു പറയുന്നതുപോലെ. ഫാത്വിമ, മുഹമ്മദ് എന്നിങ്ങനെ പേരു നിജപ്പെടുത്തലും അല്ലെങ്കിൽ മൂത്തവൾ, ഇളയവൾ എന്നിങ്ങനെ വിശേഷണം നിർണയിക്കലും അനിവാര്യമാണ്.

2. *വധൂവരന്മാരുടെ പരസ്പര തൃപ്തി:* ബലാൽകാരമായുള്ള നികാഹ് സാധുവാകുകയില്ല. അബൂഹുറയ്‌റ(റ)യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "അനുവാദം ചോദിക്കപ്പെടുന്നതുവരെ ഥയ്യിബ് (കന്യകയല്ലാത്തവൾ) വിവാഹം ചെയ്തു കൊടുക്കപ്പെടുകയില്ല. അനുവാദം ചോദിക്കപ്പെടുന്നതുവരെ കന്യകയും വിവാഹം ചെയ്തുകൊടുക്കപ്പെടുകയില്ല."

3. *നികാഹിൽ വിലായത്ത്*: ഒരു സ്ത്രീയുടെ വിവാഹ ഉടമ്പടി വലിയ്യില്ലാതെ നട

ത്തുകയില്ല. തിരുനബി(സ്വ) പറഞ്ഞു: "വലിയ്യില്ലാതെ (രക്ഷാധികാരി) നികാഹില്ല."

പുരുഷനും പ്രായപൂർത്തിയായവനും ബുദ്ധിയുള്ളവനും സ്വതന്ത്രനും ഉപരിപ്ലവമായെങ്കിലും ദീനുള്ളവനുമായിരിക്കണമെന്നത് വലിയ്യിൽ ശർത്ത്വാക്കപ്പെടും.

4. *വിവാഹത്തിന് സാക്ഷ്യം:* മുസ്‌ലിംകളും പ്രായപൂർത്തിയായവരും ഉപരിപ്ലവമായെങ്കിലും ദീനീനിഷ്ഠയുമുള്ള രണ്ടു സാക്ഷികളെ കൊണ്ടല്ലാതെ നികാഹ് സാധുവാകുകയില്ല. തിരുനബി(സ്വ) പറഞ്ഞു: "വലിയ്യും (രക്ഷാധികാരിയും) ദീനീനിഷ്ഠയുള്ള രണ്ട് സാക്ഷികളുമില്ലാതെ നികാഹില്ല. അതെല്ലാതെയുള്ളത് ബാത്വിലാകുന്നു."

ഇമാം തുർമുദി പറഞ്ഞു: "സ്വഹാബികളിലും ശേഷക്കാരായ താബിഉകളിലും മറ്റുമുള്ള പണ്ഡിതന്മാരുടെ അടുക്കൽ ഇതനുസരിച്ചാകുന്നു വൈവാഹിക കർമം. അവർ പറഞ്ഞു: സാക്ഷികൾ കൊണ്ടല്ലാതെ നികാഹില്ല. ബന്ധത്തെ നിരാകരിച്ചേക്കുമോ എന്ന ഭീതിയാൽ കുടുംബബന്ധത്തിനുള്ള മുൻകരുതലിന്റെ ഭാഗമായാണ് നികാഹിൽ സാക്ഷ്യം ശർത്ത്വാകുന്നത്."

> "നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, മുലകുടി മുഖേനയുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്കു നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു" (ക്വുർആൻ 4:23).

5. *വിവാഹത്തിനു തടസ്സമാകുന്ന കാര്യങ്ങളിൽനിന്ന് വധൂവരന്മാർ മുക്തമാകുക:* കുടുംബബന്ധത്താലോ മുലകുടി ബന്ധം, വൈവാഹികബന്ധം, വധൂവരന്മാരുടെ മതം വ്യത്യാസപ്പെടുക, വധൂവരന്മാരിലൊരാൾ ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ചവരാവുക തുടങ്ങിയ കാരണങ്ങളാലോഉള്ള തടസ്സങ്ങൾ.

**നികാഹിന്റെ റുക്നുകൾ**

*നികാഹിന്റെ അസ്തിത്വവും നിലനിൽപുമായുള്ള അടിസ്ഥാന സ്തംഭങ്ങൾ:*

1. *വരനും വധുവും:* മുമ്പ് സൂചിപ്പിച്ചതുപോലുള്ള വൈവാഹിക തടസ്സങ്ങളിൽനിന്ന് മുക്തമായ വരനും വധുമാകുന്നു ഉദ്ദേശ്യം. വിവാഹം നിഷിദ്ധമായവരെ കുറിച്ചുള്ള ചർച്ചയിൽ അതിനെ കുറിച്ചുള്ള പരാമർശം വരുന്നുമുണ്ട്.

2. *ഈജാബ്:* വലിയ്യിൽനിന്നോ വലിയ്യിന്റെ സ്ഥാനമലങ്കരിക്കുന്ന വകീലിൽനിന്നോ ഉത്ഭവിക്കുന്ന 'വിവാഹം കഴിച്ചു തന്നിരിക്കുന്നു' എന്ന പദപ്രയോഗമാണത്.

3. *ക്വബൂൽ:* വരനിൽനിന്നോ അവന്റെ സ്ഥാനമലങ്കരിക്കുന്നവനിൽനിന്നോ ഉത്ഭവിക്കുന്ന 'ഈ വിവാഹം ഞാൻ തൃപ്തപെട്ടിരിക്കുന്നു' അല്ലെങ്കിൽ 'ഞാൻ സ്വീകരിച്ചിരിക്കുന്നു' എന്ന പദപ്രയോഗമാണത്.

ഈജാബ് ക്വബൂലിനെ മുൻകടക്കൽ നിർബന്ധമാകുന്നു.

**നികാഹ് നിഷിദ്ധമായ സ്ത്രീകൾ**

നികാഹ് നിഷിദ്ധമായ സ്ത്രീകൾ രണ്ടുവിധമാകുന്നു. എന്നെന്നേക്കുമായി വിവാഹം നിഷിദ്ധമാകുന്നവരും താൽക്കാലികമായി വിവാഹം നിഷിദ്ധമാകുന്നവരും.

*ഒന്ന്: നിത്യമായി വിവാഹം നിഷിദ്ധമാകുന്നവർ*

പതിനാലു വിഭാഗം സ്ത്രീകൾ എന്നെന്നേക്കുമായി വിവാഹം നിഷിദ്ധമാകുന്നവരാണ്. ഏഴുപേർ നസബിനാലും ഏഴുപേർ സബബിനാലും. ഏതൊരു അവസ്ഥയിലും ഏതു കാലത്തും അവരെ വിവാഹം കഴിക്കൽ അനുവദനീയമല്ല എന്നതാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. ഇങ്ങനെ നിഷിദ്ധമാകുന്നതിന് മൂന്നു കാരണങ്ങളുണ്ട്: കുടുംബബന്ധം, വൈവാഹികബന്ധം, മുലകുടിബന്ധം.

*കുടുംബ ബന്ധത്താൽ നിഷിദ്ധമാകുന്ന സ്ത്രീകൾ:*

1. മാതാവ്, മാതൃമഹതികൾ (മാതാവിന്റെയും പിതാവിന്റെയും മാതാക്കൾ): ഇവർക്ക് മനുഷ്യന്റെ ഉസ്വൂലുകൾ എന്നു പറയപ്പെടുന്നു.

2. മകൾ, മക്കളുടെ പെൺമക്കൾ: ഇവർക്ക് മനുഷ്യന്റെ ഫുറൂഅ് എന്നു പറയപ്പെടുന്നു.

3. മാതാപിതാക്കളിലൊത്ത(പൂർണ) സഹോദരി, പിതാവിലൊത്ത സഹോദരി, മാതാവിലൊത്ത സഹോദരി: ഇവർക്ക് മാതാപിതാക്കളുടെ ഫുറൂഅ് എന്ന് പറയപ്പെടുന്നു.

4. പൂർണ സഹോദരന്റെ മകൾ, പിതാവിലൊത്ത സഹോദരന്റെ മകൾ, മാതാവി ലൊത്ത സഹോദരന്റെ മകൾ.

5. പൂർണ സഹോദരിയുടെ മകൾ, പിതാവിലൊത്ത സഹോദരിയുടെ മകൾ, മാതാവിലൊത്ത സഹോദരിയുടെ മകൾ.

6. പിതാവിന്റെ സഹോദരി (അമ്മായി): ഇവരെ പോലെയാണ് പിതാവിന്റെ അമ്മായിയും മാതാവിന്റെ അമ്മായിയും. പിതാവിന്റെ സഹോദരിമാർക്ക് പിതാവിന്റെ മാർഗേണയുള്ള പിതാമഹന്റെയും പിതാമഹിയുടെയും ഫുറൂഅ് എന്ന് പറയപ്പെടുന്നു.

7. മാതാവിന്റെ സഹോദരി (മുത്തമ്മയും കുഞ്ഞാമയും). ഇവരെ പോലെയാണ് മാതാവിന്റെ മാതൃസഹോദരിയും പിതാവിന്റെ മാതൃസഹോദരിയും. മാതാവിന്റെ സഹോദരിമാർക്ക് മാതാവിന്റെ മാർഗേണയുള്ള പിതാമഹന്റെയും പിതാമഹിയുടെയും ഫുറൂഅ് എന്ന് പറയപ്പെടുന്നു.

ഈ സ്ത്രീകളിൽ ഒരാളെയും ഒരവസ്ഥയിലും വിവാഹം കഴിക്കൽ അനുവദനീയമല്ല. അല്ലാഹു പറഞ്ഞു: "നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, മുലകുടി മുഖേനയുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്കു നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു" (ക്വുർആൻ 4:23).

*വിവാഹ ബന്ധത്താൽ നിഷിദ്ധമാകുന്ന സ്ത്രീകൾ:*

1. പിതാവിന്റെ ഭാര്യ: ഇവരെ പോലെയാണ് പിതാമഹന്മാരുടെ ഭാര്യമാർ. ഇവർക്ക് ഉസ്വൂലിന്റെ ഭാര്യമാർ എന്ന് പറയപ്പെടുന്നു. അല്ലാഹു പറഞ്ഞു: "നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്ത സ്ത്രീകളെ നിങ്ങൾ വിവാഹം കഴിക്കരുത്; മുമ്പ് ചെയ്തുപോയതൊഴികെ. തീർച്ചയായും അത് ഒരു നീചവൃത്തി യും വെറുക്കപ്പെട്ട കാര്യവും ദുഷിച്ച മാർഗവുമാകുന്നു" (ക്വുർആൻ 4:22).

2. മകന്റെ ഭാര്യ, മകന്റെ മകന്റെ ഭാര്യ, മകളുടെ മകന്റെ ഭാര്യ. ഇപ്രകാരം ഫുറൂഇന്റെ ഭാര്യമാരെല്ലാം: അല്ലാഹു പറഞ്ഞു: "നിങ്ങളുടെ മുതുകിൽനിന്ന് പിറന്ന പുത്രന്മാരുടെ ഭാര്യമാരും (നിങ്ങൾക്ക് നി ഷിദ്ധമാക്കപ്പെട്ടിരിക്കുന്നു)" (ക്വുർആൻ 4:23).

3. ഭാര്യയുടെ മാതാവ്: ഇവരെ പോലെ തന്നെയാണ് ഭാര്യാമതാവിന്റ മാതാവിനെ പോലുള്ള അവരുടെ ഉസ്വൂലിലുള്ള സ്ത്രീകളെല്ലാം. അല്ലാഹു പറഞ്ഞു: "...നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു" (ക്വുർആൻ 4:23)

ഈ പറയപെട്ട മൂന്നു കൂട്ടർ കേവല ഉടമ്പടിയോടുകൂടി തന്നെ നിഷിദ്ധമായിത്തീരും. അവർ നിഷിദ്ധമാകുവാൻ കാരണമായ ഭാര്യയുമായി വൈവാഹികജീവിതം നയിച്ചാലും ഇല്ലെങ്കിലും ശരി.

4. ഭാര്യയുടെ മകൾ: ഇവൾക്കാണ് 'റബീബ്' എന്നു പറയപ്പെടുന്നത്. ഇവൾ അവളുടെ മാതാവിന്റെ ഭർത്താവിനു നിഷിദ്ധമാണ്. അല്ലാഹു പറഞ്ഞു: "...നിങ്ങൾ ലൈംഗികവേഴ്ചയിൽ ഏർപ്പെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തുപുത്രിമാരും (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു)" (ക്വുർആൻ 4:23).

അവൾ നിഷിദ്ധമാകുന്നതിന് അവളുടെ മാതാവിന്റെ ഭർത്താവിന്റെ സംരക്ഷണത്തിൽ വളർന്നാലാണെന്നു നിബന്ധന വെക്കുവാൻ പാടുള്ളതല്ല. ആയത്തിൽ 'നിങ്ങളുടെ സംരക്ഷണത്തിൽ വളർന്നാലാണെ'ന്നു പറഞ്ഞത് അവരുടെ സംരക്ഷണം മിക്കപ്പോഴും അങ്ങനെയാണെന്നതു വ്യക്തമാക്കുവാനാണ്. ഈ പെൺകുട്ടി അയാൾക്ക് നിഷിദ്ധമാകുന്നത് അയാൾ കുട്ടിയുടെ ഉമ്മയുമായി ദാമ്പത്യം നയിച്ചാലാണ്. അയാൾ വീടുകൂടുന്നതിനുമുമ്പ് മാതാവ് മരണപ്പെടുകയോ അല്ലെങ്കിൽ മാതാവിനെ വിവാഹമോചനം നടത്തുകയോ ചെയ്താൽ അവരുടെ മകളെ അയാൾക്ക് വിവാഹം കഴിക്കാവുന്നതാണ്. അല്ലാഹു പറഞ്ഞു: "ഇനി നിങ്ങൾ അവരുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ (അവരുടെ മക്കളെ വേൾക്കുന്നതിൽ) നിങ്ങൾക്കു കുറ്റമില്ല" (ക്വുർആൻ 4:23).

5. ഉമ്മയുടെ ഭർത്താവിനെയും മകളുടെ ഭർത്താവിനെയും ഭർത്താവിന്റെ മകനെയും ഭർത്താവിന്റെ പിതാവിനെയും വിവാഹം കഴിക്കൽ ഒരു സ്ത്രീക്ക് നിഷിദ്ധമാകുന്നു.

*മുലകുടി ബന്ധത്താൽ നിഷിദ്ധമാകുന്ന സ്ത്രീകൾ:*

മുലകുടി ബന്ധത്താൽ ഏഴു സ്ത്രീകൾ നിഷിദ്ധമാക്കപ്പെടും. അവരിൽ രണ്ടുപേരെ വിശുദ്ധക്വുർആൻ അനുസ്മരിച്ചു. വിശുദ്ധ സുന്നത്ത് അഞ്ചുപേരെ ഈ രണ്ടുപേരോടു ചേർക്കുകയും ചെയ്തു.

(അവസാനിച്ചില്ല)

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം)*

ഡോ. ഷഹബാസ് കെ അബ്ബാസ്



# മരണം തേടിയെത്തിയ 1206 എന്ന 'ഭാഗ്യനമ്പർ'

രാജ്യത്തിന്റെ ചരിത്രത്തിൽതന്നെ പെട്ടെന്നൊന്നും മറക്കാനാവാത്തത്ര വലിയ ആഘാതമാണ് അഹമ്മദാബാദ് വിമാനദുരന്തം സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യരെന്ന നിലയിൽ നമ്മുടെ നിസ്സാരതയും നിസ്സഹായാവസ്ഥയുമൊക്കെ, ചിന്തിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്ന നിമിഷങ്ങൾക്കാണ് നാം സാക്ഷ്യം വഹിച്ചത്. ജീവിതത്തിന്റെ നൈമിഷികതയെക്കുറിച്ച് ജാതിമതഭേദമന്യെ സോഷ്യൽ മീഡിയയിൽ പോസ്റ്റുകൾ വരുമ്പോൾ, അവയിൽ കൗതുകകരമായി തോന്നിയ ഒരു വാർത്തയുണ്ടായിരുന്നു. വിമാനാപകടത്തിൽ വെന്തെരിഞ്ഞവരുടെ കൂട്ടത്തിലുണ്ടായിരുന്ന ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുമായി ബന്ധപ്പെട്ട ഒന്നായിരുന്നു അത്.

തന്റെ ഭാഗ്യനമ്പറായി അദ്ദേഹം കരുതിയിരുന്നത് 1206 എന്ന നാലക്ക സംഖ്യയായിരുന്നു. തന്റെ കാറിനും സ്കൂട്ടറിനും തുടങ്ങി എല്ലായ്പ്പോഴും ഈ നമ്പർ തനിക്ക് ഭാഗ്യം കൊണ്ടുവരുമെന്ന് പ്രതീക്ഷിച്ച അദ്ദേഹം, ജീവിതത്തിൽ സുപ്രധാനമായി കണക്കാക്കിയ തന്റെ ലണ്ടൺ യാത്രയ്ക്കും തെരഞ്ഞെടുത്തത് അതേ (12.06.2025) തീയതിയായിരുന്നു. പക്ഷേ, എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ച്, സ്വന്തം മരണ തീയതിയെയാണ് താൻ ഭാഗ്യമെന്ന് കരുതി തിരഞ്ഞെടുത്തത് എന്ന് അദ്ദേഹം സ്വപ്നത്തിൽ പോലും കരുതിക്കാണില്ല.

എത്ര വലിയ സന്ദേശങ്ങളാണ് ഇവയെല്ലാം നൽകുന്നത്! സകലതും സൃഷ്ടിച്ച് പരിപാലിക്കുന്ന സ്രഷ്ടാവിനെ വിസ്മരിച്ച് ചരടിലും ഏലസ്സിലും ഭാഗ്യനമ്പറുകളിലും അഭയം പ്രാപിക്കുന്ന ഒരുപാടാളുകളെ കാണാൻ സാധിക്കും. സ്വന്തമായി അധ്വാനിക്കാതെ ഭാഗ്യപരീക്ഷണങ്ങളിലൂടെ പണം കണ്ടെത്താൻ കയ്യിലുള്ളതെല്ലാം വിറ്റ് ലോട്ടറികൾക്ക് പിന്നാലെ പോകുന്നവരും കുറച്ചൊന്നുമല്ല. ചൂതാട്ടമടക്കമുള്ള അത്തരം ഏർപ്പാടുകളെ മദ്യത്തോടൊപ്പം ചേർത്തു പറഞ്ഞ്, അവയെല്ലാം പൈശാചികമായ മ്ലേച്ഛവൃത്തിയാണെന്നും അവ നിങ്ങൾ വർജിക്കണമെന്നും നൂറ്റാണ്ടുകൾക്ക് മുമ്പ് നമ്മെ ഉണർത്തിയ പരിശുദ്ധ ക്വുർആനിന്റെ കൽപന എത്ര മഹത്തരം!

നമ്മുടെ ഭാഗ്യനിർഭാഗ്യങ്ങൾ നമ്മെ സൃഷ്ടിച്ച അല്ലാഹുവിനാണ് ഏറ്റവും നന്നായറിയുക എന്നുൾക്കൊണ്ട്, വിശ്വാസത്തെയും കർമങ്ങളെയും വിമലീകരിക്കുവാനാണ് ഇത്തരം സന്ദർഭങ്ങൾ നമ്മെ പ്രേരിപ്പിക്കേണ്ടത്. ഈ ഭൂമിയിൽ എത്ര സ്വീകാര്യതയും സ്വാധീനവും പദവിയുമുള്ള വ്യക്തിയാണെങ്കിലും, മരണത്തിന്റെ മലക്കിന്റെ പേരുകളുടെ കൂട്ടത്തിലെ ഒന്നുമാത്രമാണ് നാമെന്ന് നമ്മെ ബോധ്യപ്പെടുത്തുകയാണ് ഇത്തരം ഓരോ ദുരന്തവും. സ്വന്തമായി നമുക്കുള്ള പേരുപോലും നഷ്ടപ്പെടുത്തി പകരം 'മയ്യിത്ത്' എന്ന് പുനർനാമകരണം ചെയ്യപ്പെടുന്ന ശൂന്യതയിലേക്കാണ് മരണം നമ്മെ വിളിക്കുന്നത്. അവിടെ നമുക്ക് കൂട്ടായെത്തുക ചെയ്തുതീർത്ത സൽകർമങ്ങൾ മാത്രമാകുമെന്ന ബോധ്യം ഉള്ളിലേക്ക് ആഴ്ന്നിറങ്ങുമ്പോഴാണ് ജീവിതം സാർഥകമാകുക. അല്ലാഹു നമ്മെ ഏവരെയും കാത്തുരക്ഷിക്കട്ടെ. ■

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676



# ലോകഭീകരൻ ഇറാനെ ആക്രമിക്കുമ്പോൾ

ഇസ്രായേൽ ഇറാനെതിരെ യുദ്ധം ആരംഭിച്ചിരിക്കുകയാണ്. യുദ്ധത്തിന്റെ കാർമേഘങ്ങൾ കുറേകാലമായി ഇറാനും ഇസ്രായേലിനുമിടയിൽ സഞ്ചരിക്കുന്നുണ്ടായിരുന്നുവെങ്കിലും അപ്രതീക്ഷിതമായ സന്ദർഭത്തിലായിരുന്നു ഇസ്രായേലിന്റെ ആക്രമണമുണ്ടായിരിക്കുന്നത്. ജൂൺ 13ന് വെള്ളിയാഴ്ച പുലർച്ചെ 3:30ന് ആയിരുന്നു ഇസ്രായേൽ ആക്രമണമാരംഭിച്ചത്. ആക്രമണങ്ങളുടെ പ്രാരംഭഘട്ടത്തിൽ തന്നെ ഇറാനിലെ ആണവ കേന്ദ്രങ്ങൾ ഉൾപ്പെടെ നിരവധി സൈനിക ലക്ഷ്യങ്ങൾക്ക് നേരെ വ്യോമാക്രമണം നടത്തിയതായി അവർ അവകാശപ്പെട്ടു. സമ്പുഷ്ട യുറേനിയം ഉപയോഗിച്ചുകൊണ്ട് ആണവായുധങ്ങൾ നിർമിക്കാൻ ഇറാന് പദ്ധതിയുണ്ടെന്ന് ആരോപിച്ചുകൊണ്ടാണ് ഇസ്രായേലിന്റെ ആക്രമണം. ആക്രമണം തുടങ്ങി പതിനഞ്ച് മിനിറ്റുകൾക്കുള്ളിൽ ഇക്കാര്യം സ്ഥിരീ

> പശ്ചിമേഷ്യ വീണ്ടുമൊരു യുദ്ധത്തിന് സാക്ഷിയായിരിക്കുന്നു. കൊന്നും തിന്നും കൊതി തീരാതെ നെതന്യാഹു ഇപ്പോൾ ഇറാനെതിരെയാണ് ആയുധമെടുത്തിരിക്കുന്നത്. സ്വാർഥ താൽപര്യങ്ങളുടെ സംരക്ഷണത്തിനായി ഭരണത്തലവന്മാർ ചെയ്യുന്ന ചെയ്തികൾക്ക് ലോകം മുഴുക്കെ ദുരിതമനുഭവിക്കുന്നത് ഖേദകരമാണ്.

കരിച്ചുകൊണ്ട് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വിഡിയോ പ്രസ്താവന നടത്തുകയും ചെയ്തു.

ഇസ്രായേലിന്റെ പ്രാരംഭ ആക്രമണം ഇറാന്റെ പ്രധാന യുറേനിയം സമ്പുഷ്ടീകരണ കേന്ദ്രമായ നതാൻസിലും ടെഹ്റാനിലെ റെവല്യൂഷണറി ഗാർഡ്സിന്റെ ആസ്ഥാനത്തും പതിച്ചു. ആക്രമണത്തിൽ ഇറാൻ റെവല്യൂഷണറി ഗാർഡ് തലവൻ ഹുസൈൻ സലാമിയും ആണവശാസ്ത്രജ്ഞന്മാരായ ഫെറെയ്ദൂൺ അബ്ബാസി, ഡോ.മുഹമ്മദ് മെഹ്ദി ടെഹ്റാഞ്ചി എന്നിവരും മേജർ ജനറൽ അലി റാഷിദ് എന്നിവരും കൊല്ലപ്പെട്ടതായി ഇറാൻ ഔദ്യോഗിക മീഡിയ 'ഇർന' സ്ഥിരീകരിക്കുകയും ചെയ്തു.

പുലർച്ചെ 6 മണിക്ക് ഇറാന്റെ പരമോന്നത നേതാവ് ആയത്തുല്ലാഹ് അലി ഖാംനഈ ഇസ്രായേലിന് 'കഠിന ശിക്ഷ' നൽകുമെന്ന് പ്രസ്താവന പുറപ്പെടുവിക്കുകയും 8 മണിയോടെ നൂറിലധികം ഡ്രോണുകൾ ഉപയോഗിച്ചുകൊണ്ട് ഇസ്രായേലിനു നേരെ പ്രത്യാക്രമണം നടത്തുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ ഇരുപക്ഷവും ആക്രമണ പ്രത്യാക്രമണങ്ങൾ തുടരുകയുണ്ടായി. ഇറാനിൽ ഇതിനകം (16 ജൂൺ) 224 സിവിലിയന്മാർ കൊല്ലപ്പെട്ടതായി ഇറാൻ വാർത്താ ഏജൻസികൾ വ്യക്തമാക്കുമ്പോൾ ഇസ്രായേലിൽ 17 പേർ മാത്രമാണ് കൊല്ലപ്പെട്ടത് എന്നാണ് ഇസ്രയേലിന്റെ അവകാശവാദം.

അതിനിടെ അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് ഇറാനോട് ആണവപദ്ധതിയിൽനിന്ന് പിന്മാറാനും അമേരിക്കയുമായി സഹകരിക്കാനും ആവശ്യപ്പെടുകയുണ്ടായി. 'ഇനി മരണം വേണ്ട, നാശം വേണ്ട; അധികം വൈകുന്നതിന് മുമ്പ് അത് ചെയ്യുക' എന്നായിരുന്നു ട്രംപിന്റെ പോസ്റ്റ്. ഇസ്രയേലിന്റെ ആക്രമണം 'എക്സലന്റ്' ആയിരുന്നുവെന്നും ട്രംപ് പറയാൻ മറന്നില്ല. ഇസ്രായേലാണ് യുദ്ധ അസംബന്ധം ആരംഭിച്ചതെന്നും ശക്തമായ തിരിച്ചടിയില്ലാതെ ഇറാന് വിശ്രമമില്ലെന്നുമായിരുന്നു അലി ഖാംനഈയുടെ പ്രതികരണം. ന്യൂയോർക്കിൽ യോഗം ചേർന്ന ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ കൗൺസിൽ ഇരു രാജ്യങ്ങളോടും യുദ്ധത്തിൽനിന്ന് പിന്മാറാനും സമാധാനം പുനഃസ്ഥാപിക്കാനും 'അഭ്യർഥിക്കുകയും' ചെയ്തു. എന്നാൽ യുഎൻ സെക്യൂരിറ്റി കൗൺസിലിൽ ഇറാൻ പ്രതിനിധി അമീർ സയീദ് ഇറവാനി ഇസ്രായേലിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരിൽ ഭൂരിഭാഗവും സാധാരണക്കാരാണെന്നും ഇസ്രായേലിന്റെ ചെയ്തികൾക്ക് യുഎസ് രഹസ്യാന്വേഷണ വിഭാഗം പിന്തുണ നൽകുന്നുണ്ടെന്നും ആരോപിച്ചു. യു. എസ്, യു.കെ, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ഇസ്രായേലിനെ പിന്തുണച്ചുകൊണ്ട് യുദ്ധത്തിന് വന്നാൽ ശക്തമായി തിരിച്ചടിക്കുമെന്ന് ഇറാൻ താക്കീത് നൽകുകയും ചെയ്തു.

### ഇസ്രായേലിന്റെ യുദ്ധ (കു)തന്ത്രം

പതിവിൽനിന്നും വ്യത്യസ്തമായി ഇസ്രായേൽ മതവികാരം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഇറാനെതിരെ ആക്രമണം തുടങ്ങിയത്. ഇറാനെതിരെയുള്ള സൈനികനീക്കത്തിന് നൽകിയ പേരിൽനിന്നും ഇത് വ്യക്തമാണ്. 'ഓപ്പറേഷൻ റൈസിംഗ് ലയൺ' എന്നാണ് ഇസ്രായേൽ ഇറാനെതിരെയുള്ള യുദ്ധത്തിന് നൽകിയിട്ടുള്ള പേര്. ജൂത-ക്രൈസ്തവ വിഭാഗങ്ങളിൽ വൈകാരികത സൃഷ്ടിക്കാൻ പ്രാപ്തമായ പേരാണിത്. 'റൈസിംഗ് ലയൺ' അഥവാ 'ഉദിച്ചുയരുന്ന സിംഹം' ഒരു ബൈബിൾ പ്രയോഗമാണ്. ബൈബിൾ പഴയനിയമം സംഖ്യാപുസ്തകം 23ാം അധ്യായം 24ാം വചനത്തിലെ പരാമർശമാണ് 'ഉദിച്ചുയരുന്ന സിംഹം.' 'ഇതാ, ഒരു ജനം! സിംഹിയെപ്പോലെ അതുണരുന്നു; സിംഹത്തെപ്പോലെ അതെഴുന്നേൽക്കുന്നു; ഇരയെ വിഴുങ്ങാതെ അതു കിടക്കുകയില്ല; രക്തം കുടിക്കാതെ അടങ്ങുകയുമില്ല.' (The people rise like a lioness;

they rouse themselves like a lion that does not rest till it devours its prey and drinks the blood of its victims).

ബൈബിളിലെ സംഖ്യാപുസ്തകം പ്രധാനമായും ഇസ്രായേല്യരുടെ പുറപ്പാടിനുശേഷം മരുഭൂമിയിലൂടെയുള്ള യാത്രയെ കുറിച്ചും അവരുടെ അനുസരണക്കേടിനെ കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. ദൈവമാർഗത്തിലുള്ള സമർപ്പണത്തെ കുറിച്ചുള്ള പ്രതിപാദ്യങ്ങൾ അടങ്ങിയ ഈ ഭാഗത്തിലാണ് നിങ്ങൾ സിംഹത്തെപ്പോലെ എഴുന്നേൽക്കണമെന്ന് ആഹ്വാനം ചെയ്യുന്നത്. യുദ്ധപ്രഖ്യാപനത്തിന് തലേദിവസം വ്യാഴാഴ്ച ജെറൂസലമിലെ 'വിലാപമതിൽ' എന്നറിയപ്പെടുന്ന പടിഞ്ഞാറേ ചുമരിൽ 'the people shall rise up as a lion' എന്നെഴുതിവെച്ച് അതിന്റെ ഫോട്ടോ എടുത്ത് പ്രസിദ്ധപ്പെടുത്തിയാണ് നെതന്യാഹു യുദ്ധാഹ്വാനം നടത്തിയത് എന്നതും ശ്രദ്ധേയമാണ്.

### ഇസ്രായേൽ നേരിടുന്ന ആഭ്യന്തര ഭീഷണി

സ്വന്തം നാട്ടിൽ ശക്തമായ എതിർപ്പ് നേരിടുന്നതാണ് നെതന്യാഹു നേരിടുന്ന വലിയ പ്രതിസന്ധി. ശത്രുരാജ്യത്തോട് യുദ്ധം ചെയ്തുകൊണ്ട് ഇസ്രായേൽ ജനതയുടെ പിന്തുണ പിടിച്ചുപറ്റാൻ സാധിക്കുമോ എന്ന പരീക്ഷണമാണ് അയാൾ നടത്തുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി ഇസ്രായേലിൽ ഉണ്ടായിട്ടുള്ള രാഷ്ട്രീയ പ്രതിസന്ധികളുടെ കാരണക്കാരൻ നെതന്യാഹുവാണെന്നാണ് പ്രതിപക്ഷവും പ്രതിഷേധക്കാരും ഒരുപോലെ പറയുന്നത്. ഹമാസുമായുള്ള ഏറ്റുമുട്ടൽ പോലും

> ശത്രുരാജ്യത്തോട് യുദ്ധം ചെയ്തുകൊണ്ട് ഇസ്രായേൽ ജനതയുടെ പിന്തുണ പിടിച്ചുപറ്റാൻ സാധിക്കുമോ എന്ന പരീക്ഷണമാണ് നെതന്യാഹു നടത്തുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി ഇസ്രായേലിൽ ഉണ്ടായിട്ടുള്ള രാഷ്ട്രീയ പ്രതിസന്ധികളുടെ കാരണക്കാരൻ നെതന്യാഹുവാണെന്നാണ് പ്രതിപക്ഷവും പ്രതിഷേധക്കാരും ഒരുപോലെ പറയുന്നത്. ഹമാസുമായുള്ള ഏറ്റുമുട്ടൽ പോലും പ്രതിഷേധത്തിൽ നിന്നും രക്ഷപ്പെടാനുള്ള നെതന്യാഹുവിന്റെ അടവായും അവർ കാണുന്നു. അഴിമതിയുടെ പേരിൽ വിചാരണ നേരിട്ടുകൊണ്ടിരുന്ന അയാൾ ക്രോസ് വിസ്താരം ആരംഭിക്കാനിരിക്കുമ്പോഴാണ് ഹമാസുമായുള്ള പ്രശ്നങ്ങൾക്ക് തുടക്കം കുറിച്ചത്.

പ്രതിഷേധത്തിൽ നിന്നും രക്ഷപ്പെടാനുള്ള നെതന്യാഹുവിന്റെ അടവായും അവർ കാണുന്നു. അഴിമതിയുടെ പേരിൽ വിചാരണ നേരിട്ടുകൊണ്ടിരുന്ന അയാൾ ക്രോസ് വിസ്താരം ആരംഭിക്കാനിരിക്കുമ്പോഴാണ് ഹമാസുമായുള്ള പ്രശ്നങ്ങൾക്ക് തുടക്കം കുറിച്ചത്. ഹമാസുമായുള്ള വെടിനിർത്തൽ കരാർ ലംഘിച്ച് ഏകപക്ഷീയമായി വീണ്ടും ഗസ്സക്കുമേൽ ആക്രമണങ്ങൾ അഴിച്ചുവിട്ടത് ഇസ്രായേലിൽ നെതന്യാഹു വിരുദ്ധ വികാരം പടരാൻ കാരണമായി.

ഇസ്രായേൽ ഗസ്സയിൽ സൃഷ്ടിച്ച മനുഷ്യനാശത്തിന്റെയും പട്ടിണിയുടെയും ചിത്രങ്ങൾ ആഗോള മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നതിനാൽ അന്താരാഷ്ട്രത്തലത്തിലും അവർ ഒറ്റപ്പെട്ടുതുടങ്ങി. ഗസ്സയിലെ ജനങ്ങൾക്കു വേണ്ടി ഇസ്രായേലിനെതിരെ ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിൽ നടക്കുന്ന വമ്പിച്ച ജനകീയ പ്രതിഷേധങ്ങൾ അതാത് ഗവൺമെന്റുകളെ ഇസ്രായേലിനെതിരെ പ്രസ്താവനയിറക്കാൻ കാരണമായിട്ടുണ്ട്. ഇറാനുമായി കൊമ്പുകോർക്കുന്നതിലൂടെ ഇറാനോട് ശത്രുതയിൽ കഴിയുന്ന യൂറോപ്യൻ രാജ്യങ്ങളെ തങ്ങളുടെ ഭാഗത്തേക്ക് കൊണ്ടുവരാൻ സാധിക്കുമോ എന്ന പരീക്ഷണമാണ് നെതന്യാഹു നടത്തിക്കൊണ്ടിരിക്കുന്നത്.

### ഇറാനും ഇസ്രായേലും ഇണങ്ങിയും പിണങ്ങിയും

ഇറാനും ഇസ്രായേലും ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞ രാജ്യങ്ങളാണ്. ഇസ്രായേൽ എന്ന ജൂതരാഷ്ട്രം രൂപീകരിക്കപ്പെട്ടപ്പോൾ തുടക്കത്തിൽ അതിനെ എതിർത്തിരുന്ന രാജ്യങ്ങളിലൊന്നായിരുന്നു ഇറാൻ. ജൂതരാഷ്ട്രത്തിനെതിരെ അക്കാലത്ത് വലിയ പ്രക്ഷോഭങ്ങൾ ടെഹ്റാനിൽ നടന്നിരുന്നു. 1948ൽ ഐക്യരാഷ്ട്രസഭയിലേക്കുള്ള ഇസ്രായേ

ലിന്റെ പ്രവേശനത്തെയും എതിർത്തു. എന്നാൽ 1950 മാർച്ച് 14 ന് ഇറാൻ ഇസ്രായേലിനെ അംഗീകരിച്ചു. അറബേതര രാജ്യങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇസ്രായേൽ ഗൂഢമായി ആസൂത്രണം ചെയ്ത 'പെരിഫറി ഓഫ് ഡോക്ടറിൻ' എന്ന ഓപ്പറേഷന്റെ ഭാഗമായിരുന്നു അത്. തുർക്കിയെയും ഇറാനെയും കൂടെക്കൂട്ടാൻ സാധിച്ച ഇസ്രായേൽ അതിൽ വിജയം കണ്ടു. തുർക്കിയാണ് ഇസ്രയേലിനെ അംഗീകരിച്ച ആദ്യ മുസ്‌ലിം രാജ്യം. ഇറാനാണ് രണ്ടാം സ്ഥാനം.

ഇസ്രായേലിനുള്ള ഇറാന്റെ അംഗീകാരം അധികം നിലനിന്നില്ല. 1952ൽ ഇറാന്റെ പ്രധാനമന്ത്രിയാ യിരുന്ന മുഹമ്മദ് മുസദ്ദഖ് ഇസ്രായേലുമായുള്ള ഇറാന്റെ ബന്ധം വിച്ഛേദിച്ചു. ഇസ്രായേൽ പാശ്ചാത്യ രാജ്യങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നു എന്നായിരുന്നു മുസദ്ദഖ് കണ്ടെത്തിയ കാരണം. ഫലസ്തീൻ ജനതയുമായി ബന്ധപ്പെട്ട അവകാശ സംരക്ഷണം ആയിരുന്നില്ല കാരണം.

പാശ്ചാത്യ രാജ്യങ്ങളോടുള്ള എതിർപ്പ് പ്രകടമാക്കിയ മുസദ്ദഖ് സർക്കാറിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ അമേരിക്ക തുടങ്ങി. 1953ൽ ഇറാനിയൻ സൈന്യത്തിന്റെ സഹായത്തോടെ അവർ മുസദ്ദഖിനെ പുറത്താക്കുകയും പകരം പാശ്ചാത്യ അനുകൂലിയായിരുന്ന മുഹമ്മദ് റെസ പഹ്‌ലവിയെ പ്രധാനമന്ത്രിയാക്കുകയും ചെയ്തു. പിന്നീടുള്ള പഹ്‌ലവി ഭരണകാലങ്ങളിൽ ഇസ്രയേലുമായി ഇറാൻ നല്ല ബന്ധം തുടർന്നു. ഇറാൻ ഇസ്രായേലിന് പെട്രോളും പകരം ഇസ്രായേൽ ഇറാന് ആയുധവും നൽകി പരസ്പരം സഹായിച്ചു. ഇസ്രായേലിന് ഇറാനിൽ സ്ഥിരം പ്രതിനിധി സംഘങ്ങളുണ്ടായി.

### ഇറാന്റെ ആണവ പദ്ധതി ഇസ്രായേലിന്റെ അറിവോടെ

1970കളുടെ മധ്യത്തിൽ ഷാ ഭരണകൂടം ആണവോർജം വികസിപ്പിക്കാൻ തീരുമാനിച്ചു. ഇസ്രായേലിന് ഇതിൽ വലിയ താൽപര്യമില്ലായിരുന്നുവെങ്കിലും സുഹൃദ്‌രാജ്യമെന്ന നിലയ്ക്ക് എതിർപ്പ് പ്രകടിപ്പിച്ചില്ല. അതേസമയം ഭാണകൂടത്തിന് വിരുദ്ധമായി ഇറാനിയൻ ജനതക്ക് ഫലസ്തീൻ ജനതയോടായിരുന്നു ആഭിമുഖ്യം. ഇറാനിയൻ ജനത ഫലസ്തീനികൾക്ക് നൽകുന്ന സാമ്പത്തികമടക്കമുള്ള സഹായങ്ങൾ തടയാൻ ഷാ ഭരണകൂടം ശ്രമിച്ചു. ഭരണകൂടത്തോടുള്ള അതിശക്തമായ വികാരമായി അത് മാറുകയും ഒടുവിൽ ഷാ ഭരണകൂടം നിലംപതിക്കുകയും ചെയ്തു.



### ഖുമൈനി വിപ്ലവത്തിന് ശേഷം

1979 ൽ ഖുമൈനിയുടെ നേതൃത്വത്തിൽ നടന്ന വിപ്ലവത്തിന് ശേഷം ഇറാൻ-ഇസ്രായേൽ ബന്ധത്തിൽ വിള്ളൽ വീണു. ടെഹ്‌റാനിലെ ഇസ്രായേൽ എമ്പസി അടച്ചു. പകരം അവിടെ യാസർ അറഫാത്തിന്റെ നേതൃത്വത്തിലുള്ള ഫലസ്തീൻ ലിബറേഷൻ ഓർഗനൈസേഷന് (PLO) എമ്പസി അനുവദിക്കുകയും ചെയ്തു. എന്നാൽ ഇത് അധികകാലം നീണ്ടുനിന്നില്ല.

### ഇറാൻ-ഇറാഖ് യുദ്ധം വരുത്തിയ രാഷ്ട്രീയമാറ്റം

1980 മുതൽ 1988 വരെ നീണ്ടുനിന്ന ഇറാൻ-ഇറാഖ് യുദ്ധത്തിൽ യാസർ അറഫാത്ത് ഇറാഖിന് പിന്തുണ പ്രഖ്യാപിച്ചതോടെ ഇറാൻ-ഫലസ്തീൻ ബന്ധം വഷളായി. ഇത് ഇറാനെ ഇസ്രായേലുമായി രഹസ്യ ബാന്ധവത്തിലേക്ക് നയിച്ചു. ഔദ്യോഗികമായി ഫലസ്തീനുമായുള്ള ബന്ധം തുടരുമ്പോഴും ഇസ്രായേലുമായി രഹസ്യവേഴ്ചയിൽ ഏർപ്പെടാൻ ഇറാൻ നിർബന്ധിതമായി. സദ്ദാമിനെ നേരിടാൻ ഇസ്രായേലിൽ നിന്നും ആയുധങ്ങൾ സ്വീകരിക്കേണ്ടിവന്നു. അതുവഴി ഇറാഖിന്റെ ഓസിറാ ആണവ റിയാക്റ്റർ തകർക്കുക എന്ന ലക്ഷ്യം ഇസ്രായേൽ നേടുകയും ചെയ്തു. ഔദ്യോഗികമായി ഇറാഖുമായു ള്ള യുദ്ധത്തിന് ശേഷം ഫലസ്തീനുമായുള്ള ബന്ധം ഇറാൻ മെച്ചപ്പെടുത്തിയെങ്കിലും ഇറാനെ പൂർണമായും വിശ്വസിക്കാൻ ഫലസ്തീൻ തയ്യാറായില്ല. അതേസമയം മേഖലയിൽ ഇറാന് മേധാവിത്വം

ഉണ്ടാകുമോ എന്ന ഭയം ഇസ്രായേലിന് വർധിക്കുകയും ചെയ്തു. അവർ തമ്മിലുള്ള സംശയങ്ങൾക്കും ശത്രുതകൾക്കും ഈ ഭയം കാരണമാവുകയും ചെയ്തു.

### സായുധ സംഘങ്ങളും നിഴൽ യുദ്ധങ്ങളും

ഇസ്രായേലിനെ പ്രതിരോധിക്കാൻ സിറിയ, ഇറാഖ്, ലെബനോൻ, യെമൻ തുടങ്ങിയ രാജ്യങ്ങളിലെ സായുധ ഗ്രൂപ്പുകളെ ഇറാൻ പിന്തുണച്ചു. 1979ലെ ഖുമൈനി വിപ്ലവത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ലെബനോനിൽ രൂപംകൊണ്ട ഹിസ്ബുല്ല ഇതിലെ പ്രധാന ഗ്രൂപ്പായിരുന്നു. മറുവശത്ത് ഇസ്രായേലും ചില സായുധ ഗ്രൂപ്പുകളെ സൃഷ്ടിച്ചു. ഇറാനും ഇസ്രായേലും തമ്മിലുള്ള സംഘർഷങ്ങളിൽ ഭാഗമായി നിഴൽയുദ്ധങ്ങൾ നടത്തിക്കൊണ്ട് ഈ ഗ്രൂപ്പുകൾ മേഖലയിൽ കാലുഷ്യം വളർത്തിക്കൊണ്ടിരുന്നു. ഇരുരാജ്യങ്ങളുടെയും പ്രധാന പ്രശ്നം ആണവശക്തിയാണ്. ഇറാനെ സംബന്ധിച്ചിടത്തോളും തങ്ങളുടെ ആണവ പദ്ധതികൾ വളരെ പ്രധാനമാണ്. ഇസ്രായേലിനാവട്ടെ അവരുടെ ഏറ്റവും വലിയ തലവേദനയും ഇറാന്റെ ആണവ പദ്ധതികൾ തന്നെയാണ്.

### തല്ലി മാത്രം പരിചയമുള്ളവന് തല്ലുകൊള്ളുമ്പോൾ

ഇസ്രായേൽ ഇറാനിൽ നടത്തിയിരിക്കുന്നത് വലിയ ആക്രമണമാണ്. ആവനാഴിയിലെ അവസാന അസ്ത്രം ഉപയോഗിക്കുന്നതുപോലുള്ള ആക്രമണമാണ് നടത്തിയിരിക്കുന്നത്. സൈനികമേധാവിയും ആണവ ശാസ്ത്രജ്ഞരും കൊല്ലപ്പെട്ടതായി ഇസ്രായേൽ അവകാശപ്പെടുന്നു. എന്നാൽ ഇറാനിൽനിന്നും തിരിച്ചെന്ത് കിട്ടുമെന്ന ഭയാശങ്കകൾ ഇസ്രാഈലിനെ ശരിക്കും അലട്ടിത്തുടങ്ങിയിട്ടുണ്ട്. ഇറാൻ ശനിയാഴ്ച മുതൽ നടത്തിയിരിക്കുന്ന പ്രത്യാക്രമണങ്ങൾ ഇതുവരെയും ഇസ്രായേൽ നേരിട്ടിട്ടില്ലാത്ത വിധത്തിലുള്ളതാണെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ വിലയിരുത്തുന്നു. അടിച്ചുമാത്രം പരിചയമുള്ള ഗുണ്ടക്ക് പതിന്മടങ്ങ് തിരിച്ചുകിട്ടുമ്പോഴുണ്ടാവുന്ന അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ.

### മുസ്‌ലിം രാജ്യങ്ങളുടെ നിലപാട്

ഇറാനെതിരെയുള്ള ഇസ്രായേലിന്റെ ആക്രമണത്തെ മുസ്‌ലിം രാജ്യങ്ങൾ പൊതുവിൽ ശക്തമായി അപലപിച്ചിരിക്കുകയാണ്. മുസ്‌ലിം രാജ്യങ്ങൾക്ക് ഇറാൻ പലപ്പോഴും ഭീഷണിയായിട്ടുണ്ട്. പശ്ചിമേഷ്യയിലെ മുസ്‌ലിം രാജ്യങ്ങളോട് പൊതുവിൽ ശത്രുതാ നിലപാട് സ്വീകരിച്ചുവന്നിട്ടുള്ള ഇറാനോട് പക്ഷേ, മുസ്‌ലിം രാജ്യങ്ങൾ അനുഭാവപൂർണമായ നിലപാടാണ് ഈ സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഇസ്രായേൽ എന്ന ലോകഭീകരന്റെ ഒന്നാമത്തെ ലക്ഷ്യം മുസ്‌ലിം രാഷ്ട്രങ്ങളെ തകർക്കുക എന്നതാണ്. ഗസ്സയിലടക്കം അവർ കൊലപ്പെടുത്തിയ മുസ്‌ലിം ജനതയുടെ എണ്ണം തിട്ടപ്പെടുത്താൻ പോലും സാധിക്കില്ല. കഴിഞ്ഞ രണ്ടുവർഷത്തിനിടെ ഏകദേശം മുക്കാൽ ലക്ഷം ജനങ്ങളാണ് ഗസ്സയിൽ മാത്രം ഇസ്രായേലിന്റെ നരമേധത്തിന് ഇരയായത്. ഇങ്ങനെയൊരു സാഹചര്യത്തിൽ ഇസ്രായേൽ ഏതൊരു രാജ്യത്തിനെതിരെയും നടത്തുന്ന അതിക്രമങ്ങളെ മുസ്‌ലിം രാഷ്ട്രങ്ങൾ കൈയും കെട്ടി നോക്കിനിൽക്കില്ല.

സൗദി അറേബ്യയുടെ വിദേശകാര്യ മന്ത്രാലയം പുറത്തിറക്കിയ വാർത്താകുറിപ്പിൽ ഇസ്രായേലിന്റെ ആക്രമത്തോടുള്ള നിലപാടിനൊപ്പം ഇറാനോടുള്ള സമീപനവും അവർ വ്യക്താക്കിയിട്ടുണ്ട്. “സഹോദര രാഷ്ട്രമായ ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് ഇറാനെതിരെ ഇസ്രായേൽ നടത്തിയ ആക്രമണങ്ങളെ സൗദി അറേബ്യ ശക്തമായി അപലപിക്കുന്നു. ഇത് ഇറാന്റെ പരമാധികാരത്തെയും സുരക്ഷയെയും ദുർബലപ്പെടുത്തുന്ന നടപടിയാണ്. മാത്രമല്ല അന്താരാഷ്ട്ര നിയമങ്ങളുടെയും മാനദണ്ഡങ്ങളുടെയും വ്യക്തമായ ലംഘനവുമാണത്. ഈ ഹീനമായ ആക്രമണങ്ങളെ അപലപിക്കുമ്പോൾ തന്നെ, അന്താരാഷ്ട്ര സമൂഹത്തിനും സുരക്ഷാകൗൺസിലിനും ഹീനമായ

പശ്ചിമേഷ്യയിലെ മുസ്‌ലിം രാജ്യങ്ങളോട് പൊതുവിൽ ശത്രുതാ നിലപാട് സ്വീകരിച്ചുവന്നിട്ടുള്ള ഇറാനോട് പക്ഷേ, മുസ്‌ലിം രാജ്യങ്ങൾ അനുഭാവപൂർണമായ നിലപാടാണ് ഈ സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഇസ്രായേൽ എന്ന ലോകഭീകരന്റെ ഒന്നാമത്തെ ലക്ഷ്യം മുസ്‌ലിം രാഷ്ട്രങ്ങളെ തകർക്കുക എന്നതാണ്. ഗസ്സയിലടക്കം അവർ കൊലപ്പെടുത്തിയ മുസ്‌ലിം ജനതയുടെ എണ്ണം തിട്ടപ്പെടുത്താൻ പോലും സാധിക്കില്ല. കഴിഞ്ഞ രണ്ടുവർഷത്തിനിടെ ഏകദേശം മുക്കാൽ ലക്ഷം ജനങ്ങളാണ് ഗസ്സയിൽ മാത്രം ഇസ്രായേലിന്റെ നരമേധത്തിന് ഇരയായത്. ഇങ്ങനെയൊരു സാഹചര്യത്തിൽ ഇസ്രായേൽ ഏതൊരു രാജ്യത്തിനെതിരെയും നടത്തുന്ന അതിക്രമങ്ങളെ മുസ്‌ലിം രാഷ്ട്രങ്ങൾ കൈയും കെട്ടി നോക്കിനിൽക്കില്ല.

ഈ ആക്രമണം ഉടനടി തടയാനുള്ള വലിയ ഉത്തരവാദിത്തമുണ്ടെന്ന് ഉറപ്പിച്ചു പറയുകയും ചെയ്യുന്നു" (വിദേശകാര്യ മന്ത്രാലയം, സൗദി അറേബ്യ 13 ജൂൺ 2025).

**യുദ്ധം മുറുകുമ്പോൾ**

ഇറാനു മേൽ ഇസ്രായേൽ ആക്രമണം കടുപ്പിക്കുകയും ടെഹ്റാനിൽനിന്ന് സിവിലിയന്മാരോട് ഒഴിഞ്ഞുപോകാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. ടെഹ്റാന്റെ വ്യോമമേഖല പൂർണമായും കൈയടക്കിയതായി ഇസ്രായേൽ അവകാശപ്പെടുന്നുണ്ടെങ്കിലും അതൊരു ഭീഷണി മാത്രമാണെന്ന വിലയിരുത്തലാണ് ഇറാന്റെ ഭാഗത്ത് നിന്നും വന്നുകൊണ്ടിരിക്കുന്നത്. ടെൽഅവീവിൽ നിന്നും ഒഴിഞ്ഞുപോകാൻ ഇറാനും ഇസ്രായേൽ പൗരന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇസ്രായേൽ തലസ്ഥാനമായ ടെൽഅവീവിലും തുറമുഖനഗരമായ ഹൈഫയിലും ഇറാൻ നടത്തിയ ബാലിസ്റ്റിക് മിസൈൽ ആക്രമണം ഇസ്രായേലിനും വലിയ ആശങ്കയുണ്ടാക്കിയിട്ടുണ്ട്.

ഖാംനഈയെ വധിക്കുമെന്നും അതോടെ സംഘർഷം അവസാനിക്കുമെന്നുമെല്ലാമാണ് ഇസ്രായേൽ അവകാശപ്പെടുന്നത്. ശക്തമായ ചാര സംവിധാനമുള്ള ഇസ്രായേൽ ഇതിനു മുമ്പും ചതിയിലൂടെ ഇറാൻ നേതാക്കളെ വധിച്ചതിന് ചരിത്രം സാക്ഷിയാണ്. ഖാംനഈയെ സുരക്ഷിതമായ ബങ്കറിലേക്ക് മാറ്റിയതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതേസമയം ഇതേ ഭീഷണി നെതന്യാഹുവിനെതിരെയും നിലനിൽക്കുന്നുവെന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. നെതന്യാഹു ഇതിനകം ഇസ്രായേൽ വിട്ടുവെന്നും ഗ്രീസിൽ അഭയം തേടിയുമെന്നുമുള്ള സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളും ഉണ്ട്.

**ആണവശക്തികളുടെ പോര്**

ഇറാന്റെ ആണവശക്തി നശിപ്പിക്കുകയാണ് പ്രധാന ലക്ഷ്യമായി ഇസ്രായേൽ കാണുന്നത്. 1970 മുതൽ ആണവശക്തി വികസിപ്പിച്ചെടുത്ത രാഷ്ട്രമാണ് ഇറാൻ. തുടക്കം മുതൽ തന്നെ ആണവ നിർവ്യാപന കരാറിൽ (NPT) ഒപ്പിട്ട രാജ്യമാണ് ഇറാൻ. എൻപിടി വ്യവസ്ഥകൾ ഇറാൻ ലംഘിച്ചുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് ഇസ്രായേൽ യുദ്ധം പ്രഖ്യാപിച്ചത്. എന്നാൽ ഇസ്രായേൽ ആക്രമണം ശക്തമാക്കുന്നപക്ഷം എൻപിടിയിൽനിന്ന് പൂർണമായും പിന്മാറുമെന്നും ഇതിനുള്ള ബിൽ വൈകാതെ പാർലമെന്റിൽ അവതരിപ്പിക്കുമെന്നുമാണ് ഇറാന്റെ ഭീഷണി.

സിവിലിയൻ ആവശ്യങ്ങൾക്കുള്ള ആണവോർജമുണ്ടാക്കാൻ രാജ്യങ്ങൾക്ക് അവകാശം നൽകുന്ന കരാറാണ് എൻപിടി. യുഎൻ ആണവോർജ ഏജൻസിയായ ഐഎഇഎയുമായി അംഗരാജ്യങ്ങൾ സംഹകരിക്കണമെന്നും വ്യവസ്ഥയിലുണ്ട്. 191 രാജ്യങ്ങൾ എൻപിടിയുടെ ഭാഗമാണ്. ആണവായുധങ്ങൾ അവയില്ലാത്തവർക്ക് കൈമാറില്ലെന്ന് എൻപിടി അംഗങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അതേസമയം ഇസ്രായേൽ ഇതുവരെ എൻപിടിയിൽ ഒപ്പുവെച്ചിട്ടില്ല. ഇസ്രായേൽ മാത്രമല്ല, ഇന്ത്യയും പാകിസ്ഥാനും ഒപ്പുവെക്കാത്ത രാജ്യങ്ങളാണ്. എൻപിടി വ്യവസ്ഥകൾ വിവേചനപരമാണെന്ന കാരണത്താലാണ് ഇന്ത്യ അതിൽ ഒപ്പിടാതിരുന്നത്. ചുരുക്കത്തിൽ ആണവ നിർവ്യാപന കരാറിൽ ഇതുവരെ ഒപ്പുവെക്കാത്ത ഇസ്രായേലാണ് എൻപിടി വ്യവസ്ഥകൾ പാലിക്കുന്നില്ല എന്നാരോപിച്ച് ഇറാനോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത് എന്ന വിരോധാഭാസമാണ് കാണാൻ കഴിയുന്നത്

**ഇസ്രയേലിന്റെ ലക്ഷ്യം തിരിച്ചറിയണം**

ഇറാനെ ആക്രമിച്ച് കീഴടക്കുന്നതിലൂടെ കേവല ആണവ നിരായുധീകരണമല്ല ഇസ്രായേൽ ലക്ഷ്യമിടുന്നത്. മേഖലയിലെ ഒരു വലിയ സൈനിക ശക്തിയെ ഇല്ലാതാക്കി തങ്ങളുടെ മേധാവിത്വം സമ്പൂർണമായും പശ്ചിമേഷ്യൻ മേഖലയിൽ ഉറപ്പിക്കുകയാണ് ഉദ്ദേശ്യം. ഫലസ്തീനെ പൂർണമായും ഇല്ലാതാക്കി മറ്റു മുസ്‌ലിം രാഷ്ട്രങ്ങളിലേക്കും കടന്നുകയറാമെന്ന അതിമോഹമാണ് ഇപ്പോഴത്തെ ആക്രമണത്തിന് പിന്നിൽ എന്നത് വളരെ വ്യക്തമാണ്.

ഇറാൻ തിരിച്ചടിച്ചതോടെ മേഖല അതീവ സംഘർഷത്തിലേക്ക് നീങ്ങാനുള്ള സാധ്യത വർധിച്ചിരിക്കുകയാണ്. പശ്ചിമേഷ്യയെയും ഗൾഫ് രാജ്യങ്ങളെയും മാത്രമല്ല, ഇന്ത്യയടക്കമുള്ള ഏഷ്യൻ രാജ്യങ്ങളെയും യുദ്ധം വലിയ രൂപത്തിൽ ബാധിക്കുമെന്നത് തീർച്ചയാണ്. ലോകഭീകരനായ ഇസ്രായേലിനെ പിടിച്ചുകെട്ടാൻ ലോകത്തെ മുഴുവൻ സൈനികശക്തികൾക്കും ബാധ്യതയുണ്ട്. ലോകത്തെ വൻകിട രാജ്യങ്ങൾക്ക് പോലും ഭീഷണിയാണ് ഇസ്രായേൽ എന്ന വസ്തുത മനസ്സിലാക്കുന്നതിൽ ഇനിയും വീഴ്ച വരുത്തിയാൽ ലോകം അനുഭവിക്കാൻ പോവുന്നത് ഏറ്റവും വലിയ ദുരന്തമായിരിക്കും. ■

ഫാത്വിമ സുഹൈറ ബി.കെ.



# ഗുൽമോഹർ പൂക്കൾ ഓർമിപ്പിക്കുന്നത് 02

എത്ര ഗുൽമോഹർ പൂക്കളാണ് ഈ സ്കൂൾമുറ്റത്ത് വീണുകിടക്കുന്നത്. എന്തു മനോഹരമാണ് ആ കാഴ്ച! പക്ഷേ, ആർക്കും അത് വേണ്ട! കണ്ണിന് കൗതുകം നൽകുന്ന ഈ ഗുൽമോഹർ പൂക്കൾ പോലെത്തന്നെയല്ലേ നാമോരോരുത്തരുടെയും ജീവിതവും? ഒരു സമയം കഴിഞ്ഞാൽ എല്ലാം പാഴായവയാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ തുടച്ചുമാറ്റപ്പെടേണ്ടവർ. പക്ഷേ, അതിനുമുമ്പ് ഈ ലോകത്ത് തന്റേതായ ഒരു അടയാളം, ചെറുതെങ്കിലും ഒരു മാർക്ക് രേഖപ്പെടുത്തി വെക്കാൻ ആരാണ് ആഗ്രഹിക്കാത്തത്? പാവം എന്റെ പാത്തു! ഇങ്ങനെ ഓരോന്ന് ആലോചിച്ചു നിൽക്കവെ ബെല്ലടിച്ചു. താമസിയാതെ പരീക്ഷാർഥികൾ പുറത്തിറങ്ങി. അവരുടെ മുഖങ്ങൾ സമ്മിശ്ര വികാരങ്ങൾ നിറഞ്ഞതായി രുന്നു. അതാ പാത്തു വരുന്നുണ്ട്; അവൾ വളരെ നിർവികാരതയോടെയാണല്ലോ! താനായിട്ട് ഒന്നും ചോദിക്കുന്നില്ല

"ഇക്കാ, ജനറൽ പാർട്ട് ടഫ്ഫായിരുന്നു. സബ്ജക്ട് പാർട്ട് ഫുൾ ശരിയായി എഴുതി."

"സാരമില്ല, അവസരം ഇനിയും വരും" അയാൾ അവളെ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

****************************************

"എന്റെ പാത്തൂ, നിന്നോട് ഇങ്ങനെ കുത്തിപ്പറയുന്നവർക്ക് എന്ത് യോഗ്യതയാണുള്ളത്? അവരെക്കാളൊക്കെ ഉയരത്തിലാണ് നീ എന്ന ബോധ്യം അവർക്കുണ്ട്. അതിൽ സഹിക്കാഞ്ഞിട്ടാണ് നിന്നെ തളർത്താൻ വേണ്ടി അവർ പലതും പറയുന്നത്. അതൊന്നും നീ കാര്യമാക്കേണ്ട. നീ ഒന്ന് ചിന്തിച്ചു നോക്കൂ; ഇംഗ്ലീഷ് ലിറ്ററേച്ചർ എടുത്തു പഠിക്കുന്ന ഏതൊരു കുട്ടിയോട് ചോദിച്ചാലും ബ്രൈറ്റ് അക്കാദമിയെക്കുറിച്ച് അവർക്ക് അറിയാം."

അത് കേട്ടപ്പോൾ ഫാത്വിമ തല മെല്ലെ ഒന്ന് പൊക്കി ആസിഫിനേ നോക്കി.

"നീ ആരാ? ബ്രൈറ്റ് അക്കാദമിയുടെ ഫൗണ്ടിംഗ് മാസ്റ്റർ എജുക്കേറ്റർ. എഫ്എം എന്ന് പറഞ്ഞാൽ ആളുകൾ ബഹുമാനത്തോടെ എണീക്കും" അവന്റെ തള്ളു കേട്ട് അവൾ ഒന്നു ചിരിച്ചു.

"ഒന്ന് പോ എന്റെ ഇക്കാ! എനിക്ക് ആകെ 150 സബ്സ്ക്രൈബേഴ്സിനെയേ കിട്ടിയിട്ടുള്ളൂ; വല്ലാതെ തള്ളി മറിക്കേണ്ട."

"പക്ഷേ, ആ 150 സബ്സ്ക്രൈബേഴ്സ് നിന്റെ ക്ലാസിനോട് 100% സാറ്റിസ്ഫൈഡ് അല്ലേ?"

"അതുകൊണ്ട് എനിക്ക് ഒരു അഞ്ചുപൈസയുടെ ഉപകാരമില്ലല്ലോ."

"ങ്ആ, ഇനിയാണ് നമ്മൾ ശരിക്കും നമ്മുടെ പ്ലാൻ മുന്നോട്ടു കൊണ്ടുപോകുന്നത്. പക്ഷേ, അതിനുമുമ്പ് ഇങ്ങനെ ഓരോന്ന് പറഞ്ഞു കരയാൻ നിന്നാൽ ഉണ്ടല്ലോ... അടുത്താഴ്ച ഒന്ന് കഴിയട്ടെ, നീ കണ്ടോ!"

ഫാത്വിമ വെറുതെ എന്തോ ആലോചിച്ചു ചിരിച്ചു.

"അടുത്തയാഴ്ച നമ്മൾ ഹസീനയുടെ കല്യാണത്തിന് പോകും. നിന്നോട് ആരും ഒന്നും ചോദിക്കില്ല. നീ എന്റെ കൂടെ തന്നെ നിന്നാൽ മതി. ഓക്കേ?" ഫാത്വിമ അതെ എന്ന് തല കുലുക്കി.

****************************************

ആസിഫ് തന്റെ ലാപ്ടോപ്പ്

എടുത്ത് ഫാത്വിമയുടെ ക്ലാസു കളുടെ വീഡിയോ ഓരോന്നാ യി ചെക്ക് ചെയ്തു. ടീച്ചബിൾ, Thinkfic Udemy തുടങ്ങിയ കോ ഴ്സുകളിലേക്ക് അവൻ അവളു ടെ ക്ലാസിന്റെ വീഡിയോകൾ ഓരോന്നായി മെയിൽ ചെയ്തു കൊടുത്തു.

**************************** ***********************

"ഇക്കാ നോക്കൂ, ഇന്ന് എനി ക്ക് മൂന്ന് ഇ-മെയിൽസ് വന്നു."

"ആരുടെ?" ആസിഫ് ഒന്നുമ റിയാത്തപോലെ ചോദിച്ചു.

"ഞാൻ മുന്നേ പറഞ്ഞിട്ടില്ലേ ചില വെബ്സൈറ്റുകൾ ഉണ്ടെ ന്ന്. അവയിൽനിന്നുമാണ്. ദാ, നോക്കിക്കേ, ടീച്ചബിൾ, Thinkfic Udemy...ഇവരൊക്കെ എന്നോട് ക്ലാസ് എടുക്കാൻ താൽപര്യമു ണ്ടോ എന്ന് ചോദിക്കുകയാണ്. ഞാനിപ്പോൾ ചിന്തിക്കുന്നത് ഇവർ എന്നെപ്പറ്റി എങ്ങനെ അറിഞ്ഞു എന്നാണ്. ചിലപ്പോൾ സരിത മിസ്സിന്റെ പണിയായിരി ക്കും." അത് കേട്ടപ്പോൾ ആസി ഫിന്റെ ശ്വാസം ഒരു നിമിഷം നിലച്ചു. അവനൊന്നും മിണ്ടാ തെ നിന്നു.

"ഞാനെന്താ ചെയ്യേണ്ടത് ഇക്കാ?"

"ഞാനെന്തു പറയാൻ? നീ തീരുമാനിച്ചോ."

"ഞാൻ ഓക്കേ പറയട്ടേ?"

"നിനക്ക് താൽപര്യമുണ്ടെ ങ്കിൽ പറഞ്ഞോളൂ. അറിവ് പകർ ന്നുകൊടുക്കൽ നല്ല കാര്യമല്ലേ! വരുമാനവും കിട്ടും."

അവൾ സന്തോഷത്തോടെ തന്റെ ലാപ്ടോപ്പ് എടുക്കാനാ യി ഓടി. മൂന്നു വെബ്സൈറ്റി ലേക്കും ഉടനടി തന്റെ സമ്മതമ റിയിച്ച് മെയിൽ ചെയ്തു.

"പാവം സരിതാ മിസ്സ്! ഞാൻ മിസ്സിനെ ഇപ്പോൾ തന്നെ വിളി ക്കട്ടെ!" ആസിഫ് ഒന്നും പറ ഞ്ഞില്ല.

"ഹലോ.... മിസ്...താങ്ക്യൂ മിസ്...താങ്ക്യൂ സോ മച്ച്...അവർ മെയിൽ ചെയ്തിരുന്നു...Udemy, Thinkfic.. ങ്ഹേ....മിസ്സല്ലേ? പിന്നെ എന്നെപ്പറ്റി അവർക്ക് എങ്ങനെ...എന്നെ പറ്റിക്കാൻ നോക്കേണ്ട...ഓഹോ. അറിയില്ല. വേറെ ആരായിരിക്കും...? ഓഹ്, ശരി മിസ്..."

അവൾ ഫോൺ കട്ട് ചെയ്ത് ആസിഫിന്റെ അടുത്ത് വന്നി രുന്നു.

"ഇക്കാ മിസ്സിന് ഇതിനെപ്പ റ്റി ഒന്നും അറിയില്ലത്രേ. പിന്നെ ആരായിരിക്കും?"

ആസിഫ് ഒന്നും മിണ്ടാ തെ നിന്നു. പെട്ടെന്ന് എന്തോ ഒരു ഉൾവിളി ഉണ്ടായ പോലെ അവൾ അവനെ നോക്കി മിണ്ടാ തെ നിന്നു. പിന്നെ മെല്ലെ ചോ ദിച്ചു: "ഇക്കാ, ഞാൻ എന്തുകൊ ണ്ട് ഇക്കയാണെന്ന് അറിഞ്ഞില്ല! ഇത് ഇക്കയുടെ പണിയല്ലേ?"

"നിനക്ക് നിന്റെ സരിതാ മിസ് ആണല്ലോ എല്ലാം" ആസിഫ് കൃ ത്രിമമായി പരിഭവിച്ചു.

"സോറി ഇക്കാ, സോറി" അവ ളുടെ കണ്ണുകൾ ഈറനണിഞ്ഞു.

"ഞാനെങ്ങനെ ഇതിന് നന്ദി പറയും എന്ന് എനിക്കറിയില്ല; ഒരാഴ്ചകൊണ്ട് എല്ലാം റെഡിയാ കും എന്നു പറഞ്ഞപ്പോൾ ഞാൻ ഇത്രയും പ്രതീക്ഷിച്ചിരുന്നില്ല."

"അവരെത്രയാ പറയുന്നത്?"

"ഞാനൊന്നും ചോദിച്ചില്ല."

ആസിഫ് ഗൂഗിളിൽ ചെക്ക് ചെയ്തു നോക്കി.

"മോളേ, ഇത് ക്ലിക്കാവുക യാണെങ്കിൽ നീ ആരാ! ഇനി നീ പറയൂ; നിന്റെ കാര്യം തീ രുമാനിക്കുന്നത് നീയാണോ, ഞാനാണോ, അതല്ല നിന്നെയും എന്നെയും ഈ സകല ചരാച രങ്ങളെയും സൃഷ്ടിച്ചുപരിപാ ലിക്കുന്ന റബ്ബാണോ? നീയെത്ര ഇൻറർവ്യൂകൾക്കു പോയി! എത്ര യെത്ര എക്സാമുകൾ എഴുതി! ഒടുവിൽ പടച്ചവൻ തീരുമാനിച്ച പ്പോൾ ഒരു വഴി തുറന്നുകിട്ടി."

"ഇക്കാ, എല്ലാം അല്ലാഹുവി ന്റെ കൃപ തന്നെയാണ്. നാം ചെ യ്യേണ്ടത് നാം തന്നെ ചെയ്യണം, ബാക്കി പടച്ചവനിൽ തവക്കുലാക്ക ണം എന്ന, ഇസ്‌ലാമിന്റെ അധ്യാ പനത്തിന്റെ പ്രസക്തി തിരിച്ചറി യാൻ ഇക്ക കാരണക്കാരനായി." അവൾ ഭർത്താവിന്റെ നെഞ്ചിലേ ക്ക് ഏങ്ങലടിച്ചുകൊണ്ട് ചാഞ്ഞു.

"പാത്തൂ, പലതും നമ്മൾ കണ്ടു മോഹിക്കും, അത് എനി ക്കായിരുന്നെങ്കിൽ; ഞാനായിരു ന്നെങ്കിൽ എന്നൊക്കെ. എന്നാൽ നമ്മൾ എവിടെയെത്തും എന്ന് നന്നായി നമ്മുടെ റബ്ബിനറിയാം. അവന്റെ വിധിക്കപ്പുറം ഒന്നും നട ക്കുകയില്ലല്ലോ. ഏറ്റവും നല്ലത് അവൻ നമുക്കായി കാത്തു വെ ച്ചിട്ടുണ്ടാവും; ഇല്ലായിരിക്കാം. നമ്മുടെ ദൗത്യം നന്നായി പ്ര വർത്തിക്കുക എന്നതും പിന്നെ അവന്റെ തീരുമാനത്തിനായി ക്ഷമയോടെ, പ്രാർഥനയോടെ കാത്തിരിക്കുക എന്നതുമാണ്. ഒരു കണ്ണിമ അടയുന്ന നേരം പോലും തന്റെ കാര്യം തനിക്ക് വിട്ടുതരാതിരിക്കാൻ വേണ്ടി നബി(സ്വ) പഠിപ്പിച്ച പ്രാർഥന പതിവാക്കുക. അവൻ നമ്മളെ നമ്മൾ വിചാരിച്ചതിനും അപ്പുറ മുള്ള ഒരു സ്ഥാനത്തേക്ക് ഉയർ ത്തുക തന്നെ ചെയ്യും, ഈ ലോ കത്തല്ലെങ്കിൽ പരലോകത്ത്; ചിലപ്പോൾ ഇരുലോകത്തും."

*(അവസാനിച്ചു)*




സ്നേഹം പോലുള്ള വൈകാരികതകൾ വിവരിക്കുന്ന കഥകളും ക്വുർആനിൽ കാണാം. 'സ്നേഹം' അല്ലെങ്കിൽ 'ഇഷ്ടം' എന്ന പദം ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ പ്രയോഗിച്ചതായി കാണാം. വിശ്വാസികൾ അല്ലാഹുവിനെ സ്നേഹിക്കുന്നു, അല്ലാഹു വിശ്വാസികളെ സ്നേഹിക്കുന്നു എന്നീ രൂപത്തിലുള്ള ധാരാളം പ്രയോഗങ്ങൾ കാണാം. ഇബ്നുൽ ക്വയ്യിം(റഹി) പറയുന്നത് 'സ്നേഹമാണ് മനുഷ്യനെ ആദ്യം തെറ്റു ചെയ്യാൻ പ്രേരിപ്പിച്ചത്' എന്നാണ്.

മനുഷ്യർക്ക് ഇണകളോടുള്ള സ്നേഹം അല്ലാഹു ജന്മസിദ്ധമായി നൽകിയതാണ്. ഭൂമിയിലെ ആദ്യത്തെ സ്നേഹം ആദമിന്(അ) ഹവ്വയോടുണ്ടായതാണ്. ഹവ്വയോടുള്ള സ്നേഹമാണ് ആദമിനെ ഫലം കഴിക്കാൻ പ്രേരിപ്പിച്ചത്. ഭാര്യാഭർത്താക്കന്മാർ തമ്മിലല്ലാതെയുള്ള സ്നേഹവും ക്വുർആനിൽ പരാമർശിച്ചതായി കാണാം.

> **അല്ലാഹു വിലക്കിയ വൃക്ഷം ഏതാണ് എന്നിതിനെ കുറിച്ച് മുഫസ്സിറുകൾക്ക് വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. എന്നാൽ മരം ഏതാണെങ്കിലും വിലക്കപ്പെട്ടതിനോടുള്ള മനുഷ്യന്റെ കാഴ്ചപ്പാടാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. വിലക്കിയതിന്റെ രഹസ്യമറിയാനുള്ള ആകാംക്ഷ മനുഷ്യന്റെ ഇച്ഛാശക്തിക്ക് വലിയ വെല്ലുവിളിയായിത്തീരാറുണ്ട്.**

ഈജിപ്തിലെ രാജാവിന്റെ ഭാര്യക്ക് യൂസുഫ് നബി (അ)യോടുള്ള സ്നേഹം ഇതിനുദാഹരണമാണ്.

ക്വുർആൻ പൂർണമായി ഒരിടത്ത് വിവരിച്ച കഥയാണ് രാജാവിന്റെ പത്നിയും യൂസുഫ് നബി(അ) യുമായി ബന്ധപ്പെട്ടത്. യൂസുഫ്(അ) യൗവനത്തിന്റെ തീക്ഷ്ണതയിലാണ്. രാജാവിന്റെ പത്നി യൂസുഫിന്റെ സൗന്ദര്യത്തിൽ മതിമറന്ന് വൈകാരിക മൂർധന്യത്തിലുമാണ്. തികച്ചും അനുകൂലമായ സാഹചര്യത്തിൽ എന്തും സംഭവിക്കാനിടയുണ്ട്. എന്നാൽ ഒട്ടും വശംവദനാകാതെ ദൈവവിശ്വാസവും യജമാന സ്നേഹവും കൊണ്ട് പിടിച്ചുനിൽക്കുകയാണ് യൂസുഫ് നബി(അ) ചെയ്യുന്നത്. ഈ കഥയിൽ യൂസുഫിന്റെ ഭാഗത്തുനിന്ന് യാതൊരു പ്രലോഭനവും അനുകൂല പ്രതികരണവും ഉണ്ടാകുന്നില്ല. എന്നാൽ ആ സ്ത്രീ വശീകരിക്കുകയും വാതിലടക്കുകയും വരൂ എന്ന് പറയുകയും ചെയ്യുന്നുണ്ട്.

രാജാവിന്റെ ഭാര്യ തന്റെ ഇംഗിതത്തിന് വേണ്ടി യൂസുഫിനെ ക്ഷണിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടിയിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്: ‘അല്ലാഹുവിൽ ശരണം! നിശ്ചയമായും അവനാണ് എന്റെ രക്ഷിതാവ്. അവൻ (യജമാനൻ) എന്റെ താമസം ക്ഷേമകരമാക്കിയിരിക്കുന്നു. അതുകൊണ്ട് അവനെ വഞ്ചിക്കാൻ ഞാൻ ഒരുക്കമല്ല. തീർച്ചയായും അക്രമം പ്രവർത്തിക്കുന്നവർ വിജയിക്കുകയില്ല’ എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇത്തരം ദുർവൃത്തികൾ വലിയ അക്രമമാണെന്ന് സൂചിപ്പിക്കുന്നു.

‘അവൾക്ക് അവനിൽ ആഗ്രഹം ജനിച്ചു. തന്റെ രക്ഷിതാവിന്റെ പ്രമാണം കണ്ടില്ലായിരുന്നുവെങ്കിൽ അവന് അവളിലും ആഗ്രഹം ജനിച്ചേനെ.’ ഈ വചനം മാനുഷിക ദൗർബല്യത്തെ സൂചിപ്പിക്കുന്നതാണ്. അദ്ദേഹം അല്ലാഹുവിൽ ശരണം തേടിയതുകൊണ്ട് അവന്റെ സംരക്ഷണം ലഭിക്കുകയും തെറ്റിൽ അകപ്പെടാതിരിക്കുകയും ചെയ്തു.

പ്രലോഭനത്തിന് വഴങ്ങാൻ നിർബന്ധിതമായ ഈ സാഹചര്യത്തിൽ യൂസുഫിന് ഓടി രക്ഷപ്പെടുകയല്ലാതെ വേറെ മാർഗമുണ്ടായിരുന്നില്ല. പിടികൂടി തിരികെ കൊണ്ടുവരാൻ വേണ്ടി അവളും പിന്നാലെ ഓടി. പിടിവലിയിൽ അദ്ദേഹത്തിന്റെ കുപ്പായം കീറി. യാദൃച്ഛികമായി അവർ വാതിൽക്കൽ വെച്ച് യജമാനനെ കണ്ടു. അവൾ തന്റെ നിരപാരാധിത്വം തെളിയിക്കാൻ വൃഥാ ശ്രമം നടത്തി. പക്ഷേ, യൂസുഫിന്റെ നിരപരാധിത്വം അദ്ദേഹത്തിന്റെ സ്വരത്തിൽ തന്നെ പ്രകടമായിരുന്നു. രാജാവിന് യൂസുഫിന്റെ നിരപരാധിത്വം ബോധ്യപ്പെട്ടു. പക്ഷേ, അദ്ദേഹം അവളെ മാത്രം കുറ്റപ്പെടുത്തിയില്ല. സ്ത്രീ വർഗത്തിന്റെ സ്വഭാവമായിട്ടാണ് അദ്ദേഹം ഇതിനെ വിശേഷിപ്പിച്ചത്. ‘തീർച്ചയായും ഇത് നിങ്ങളുടെ (സ്ത്രീകളുടെ) തന്ത്രത്തിൽ പെട്ടതാണ്. നിങ്ങളുടെ തന്ത്രം ഭയങ്കരം തന്നെ’

> മനുഷ്യമനസ്സിലെ സംശയങ്ങളും ആകാംക്ഷകളും വിലക്കുകൾ ലംഘിക്കാൻ പ്രേരണ നൽകുന്നത് പോലെ പലപ്പോഴും അവന്റെ പുരോഗതിക്കും പ്രേരണ നൽകുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് അല്ലാഹു ആദമിന് പൊറുത്ത് കൊടുത്ത് ഭൂമിയിൽ ജീവിക്കാൻ അനുവദിച്ചത്. സർവോപരി ക്വുർആൻ ആദമി(അ)നെ സ്വർഗത്തിൽനിന്ന് പുറത്താക്കാൻ കാരണമായ പിശാചിന്റെ ദുർബോധനത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ഇത്തരം ദുഷ്പ്രേരണകൾക്ക് വിധേയമായി വിണ്ടും തെറ്റുകൾ ആവർത്തിക്കരുതെന്നു കൽപിക്കുകയും ചെയ്യുന്നതായി കാണാം.



(യൂസുഫ്: 28).

പിന്നീട് അദ്ദേഹം നയപരമായി രംഗം കൈകാര്യം ചെയ്തു. 'യൂസുഫേ, നീ അത് അവഗണിച്ചേക്കുക, പെണ്ണേ, നീ നിന്റെ പാപത്തിന് മാപ്പു തേടുക. തീർച്ചയായും നീ പിഴച്ചവരുടെ കൂട്ടത്തിലാകുന്നു' (യൂസുഫ് :29).

രാജാവ് ഭാര്യയോട് 'നീ പിഴച്ചവളാണ്' എന്നു പറയാതെ 'നീ പിഴച്ചവളുടെ കൂട്ടത്തിലാണ്' എന്ന് പറയുന്നതിലൂടെ ഇത് മനുഷ്യസഹജമായ ഒരു തെറ്റാണന്ന് സൂചിപ്പിച്ച് അവളുടെ മാനസികാഘാതം ലഘൂകരിക്കുകയാണ് ചെയ്യുന്നത്. ഈ പ്രശ്നം ഇവിടെ അവസാനിക്കുമായിരുന്നു. എന്നാൽ കൊട്ടാരത്തിലെ തോഴിമാരും ദാസിമാരും ഇത് അങ്ങാടിപ്പാട്ടാക്കുകയും നഗരത്തിലെ സ്ത്രീകൾ ഇത് സംസാര വിഷയമാക്കുകയും ചെയ്തതോടുകൂടിയാണ് തുടർനടപടികൾ സ്വീകരിക്കേണ്ടിവന്നത്.

ആദമി(അ)നെ ഇബ്‌ലീസ് പ്രലോഭനത്തിലൂടെ ഫലം കഴിപ്പിച്ച് സ്വർഗത്തിൽനിന്ന് പുറത്താക്കിയ കഥ ക്വുർആൻ പല സ്ഥലങ്ങളിൽ വിവരിക്കുന്നുണ്ട്.

"ആദമേ നീയും നിന്റെ ഇണയും കൂടി ഈ തോട്ടത്തിൽ താമസിക്കുകയും നിങ്ങൾക്ക് ഇഷ്ടമുള്ളേടത്ത് നിന്ന് തിന്നുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ച് പോകരുത്. എങ്കിൽ നിങ്ങൾ ഇരുവരും അക്രമികളിൽ പെട്ടവരായിരിക്കും. അവരിൽ നിന്ന് മറച്ചുവെക്കപ്പെട്ടിരുന്ന അവരുടെ ഗോപ്യസ്ഥാനങ്ങൾ അവർക്ക് വെളിപ്പെടുത്താനായി പിശാച് അവർ ഇരുവരോടും ദുർമന്ത്രണം നടത്തി. അവൻ പറഞ്ഞു: നിങ്ങളുടെ രക്ഷിതാവ് ഈ വൃക്ഷത്തിൽനിന്ന് നിങ്ങൾ ഇരുവരെയും വിലക്കിയിട്ടുള്ളത് നിങ്ങൾ ഇരുവരും മലക്കുകളായിത്തീരുമെന്നതുകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടുമല്ല" (അഅ്റാഫ് 19,20).

ഈ ആയത്തിൽ അല്ലാഹു വിലക്കിയ വൃക്ഷം ഏതാണ് എന്നതിനെ കുറിച്ച് മുഫസ്സിറുകൾക്ക് വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. എന്നാൽ മരം ഏതാണെങ്കിലും വിലക്കപ്പെട്ടതിനോടുള്ള മനുഷ്യന്റെ കാഴ്ചപ്പാടാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. വിലക്കിയതിന്റെ രഹസ്യമറിയാനുള്ള ആകാംക്ഷ മനുഷ്യന്റെ ഇച്ഛാശക്തിക്ക് വലിയ വെല്ലുവിളിയായിത്തീരാറുണ്ട്. സാധാരണ കുഞ്ഞുങ്ങളിൽ ധാരാളമായി കാണപ്പെടാറുള്ള കാര്യങ്ങൾ അറിയാനുള്ള നൈസർഗിക താൽപര്യം മാനവികതയുടെ ബാല്യത്തിൽ അഥവാ ആദമിൽ നമുക്ക് ദർശിക്കാവുന്നതാണ്. വിലക്കിയതിനോട് ഭയം ഉള്ളതോടൊപ്പം തന്നെ വിലക്കപ്പെട്ടതിന്റെ രഹസ്യമറിയാനുള്ള ത്വരയും ആദമിൽ കാണാവുന്നതാണ്. ഈ അവസരത്തിലാണ് പിശാച് പ്രലോഭനവുമായി വരുന്നത്.

വിലക്കപ്പെട്ടത് ചെയ്യാനുള്ള മനുഷ്യന്റെ മാനസിക ഭാവം വെ

ളിപ്പെടുത്തുന്ന മറ്റൊരു സംഭവകഥയാണ് സ്വാലിഹ് നബി(അ)ക്ക് ദൃഷ്ടാന്തമായി ലഭിച്ച ഒട്ടകവുമായി ബന്ധപ്പെട്ടത്. സമൂദ് ഗോത്രത്തോട്, ദൃഷ്ടാന്തമായി കൊണ്ടുവന്ന ഒട്ടകത്തിന് യാതൊരു ദ്രോഹവും വരുത്തരുത് എന്ന് അല്ലാഹുവിന്റെ കൽപന പ്രകാരം അദ്ദേഹം പറഞ്ഞു. ഒട്ടകത്തെ ഉപദ്രവിക്കരുത് എന്ന ആജ്ഞ ഒട്ടകത്തിന് നേർക്കുള്ള കടന്നുകയറ്റത്തിന് പ്രേരകമാകുകയാണുണ്ടായത്. മനുഷ്യമനസ്സിലെ സംശയങ്ങളും ആകാംക്ഷകളും വിലക്കുകൾ ലംഘിക്കാൻ പ്രേരണ നൽകുന്നത് പോലെ പലപ്പോഴും അവന്റെ പുരോഗതിക്കും പ്രേരണ നൽകുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് അല്ലാഹു ആദമിന് പൊറുത്ത് കൊടുത്ത് ഭൂമിയിൽ ജീവിക്കാൻ അനുവദിച്ചത്. സർവോപരി ഖുർആൻ ആദമി(അ)നെ സ്വർഗത്തിൽനിന്ന് പുറത്താക്കാൻ കാരണമായ പിശാചിന്റെ ദുർബോധനത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ഇത്തരം ദുഷ്പ്രേരണകൾക്ക് വിധേയമായി വിണ്ടും തെറ്റുകൾ ആവർത്തിക്കരുതെന്നു കൽപിക്കുകയും ചെയ്യുന്നതായി കാണാം.

“ആദം സന്തതികളേ, നിങ്ങളുടെ മാതാപിതാക്കളെ ആ തോട്ടത്തിൽ നിന്ന് പുറത്താക്കിയത് പോലെ പിശാച് നിങ്ങളെ കുഴപ്പത്തിലാക്കാതിരിക്കട്ടെ. അവർ ഇരുവരുടെയും ഗോപ്യസ്ഥാനങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുവാനായി അവൻ അവരിൽനിന്ന് അവരുടെ വസ്ത്രം എടുത്തുനീക്കുകയായിരുന്നു. തീർച്ചയായും അവനും അവന്റെ വർഗക്കാരും നിങ്ങളെ കണ്ടുകൊണ്ടിരിക്കും; നിങ്ങൾക്ക് അവരെ കാണാൻ പറ്റാത്ത വിധത്തിൽ. തീർച്ചയായും വിശ്വസിക്കാത്തവർക്ക് പിശാചുക്കളെ നാം മിത്രങ്ങളാക്കി കൊടുത്തിരിക്കുന്നു”(അഅ്റാഫ് 27).

*(തുടരും)*

ശമീർ മദീനി
: 9048 221 212



# ഇസ്‌ലാം; ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന മതം

ഏതൊരു കാര്യത്തിനും പിന്നിലെ കാരണത്തെ അന്വേഷിക്കുക എന്നത് മനുഷ്യപ്രകൃതമാണ്. തന്റെ കയ്യിലെ കളിപ്പാട്ടം പൊളിച്ചു നോക്കുന്ന കുട്ടിയുടെ മനസ്സ് മുതൽ വാനലോകത്തേക്ക് നിരീക്ഷണ യാത്രകൾ നടത്തുന്ന ശാസ്ത്രജ്ഞരുടെ പരിശ്രമങ്ങൾവരെ ഇതിന്റെ ഒരു ബാഹ്യരൂപമാണ്. മനുഷ്യന്റെ ചിന്തയുടെയും അന്വേഷണത്തിന്റെയും പഠനങ്ങളുടെയുമെല്ലാം പ്രേരണകളും ചരിത്രങ്ങളും ഈയൊരു അന്വേഷണത്വരയെയും അറിയാനുള്ള ജിജ്ഞാസയെയുമാണ് അറിയിക്കുന്നത്. അത്ഭുതകരമായ, മനുഷ്യനെന്ന സൃഷ്ടിയും മനുഷ്യശരീരത്തിലെ അത്ഭുതപ്രതിഭാസങ്ങളും എങ്ങനെയുണ്ടായി എന്ന ചോദ്യത്തിന്, അതെല്ലാം താനെയുണ്ടായി, അല്ലെങ്കിൽ യാദൃച്ഛികമായി രൂപപ്പെട്ടു എന്ന മറുപടി യുക്തിഭദ്രമാണോ? യാദൃച്ഛികതയ്ക്ക് എങ്ങനെയാണ് അതിസങ്കീർണമായ സൃഷ്ടിപ്പും പ്രവർത്തനങ്ങളും സാധ്യമാവുക? അതൊരിക്കലും യുക്തിഭദ്രമോ മനുഷ്യന്റെ അന്വേഷണത്വരയെ ശമിപ്പിക്കുന്നതോ അല്ല. യുക്തിപൂർണനും സർവജ്ഞനും സർവശക്തനുമായ അല്ലാഹു സൃ

ഷ്ടിച്ച, അവന്റെ സൃഷ്ടിയാണ് മനുഷ്യൻ എന്ന മതപരമായ ഭാഷ്യമാണ് യുക്തിഭദ്രവും മനുഷ്യ ചിന്തക്ക് തൃപ്തി നൽകുന്നതും.

ക്വുർആൻ ചോദിക്കുന്നു: “അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല” (52:35,36).

നമ്മൾ കുടിക്കാനും നനക്കാനും കുളിക്കാനുമൊക്കെ ഉപയോഗിക്കുന്ന വെള്ളത്തിന്റെ കാര്യവും അത്ഭുതകരമാണ്! സ്വയം കത്തുന്ന ഹൈഡ്രജനും മറ്റൊന്നിനെ കത്താൻ സഹായിക്കുന്ന ഓക്സിജനും കൂടിച്ചേർന്നുണ്ടാകുന്ന വെള്ളം ഒരു രസതന്ത്ര വിദ്യാർഥിയെ സംബന്ധിച്ചിടത്തോളം അത്ഭുതങ്ങൾ നിറഞ്ഞതാണ്. ആളിക്കത്തുന്ന ഉഗ്രസ്ഫോടന ശേഷിയുള്ള ഒരു വസ്തുവാകേണ്ടതിന് പകരം ആളിക്കത്തുന്ന തീ കെടുത്താനാണ് വെള്ളം കൊണ്ട് സാധിക്കുന്നത്! ഇതെങ്ങനെ സംഭവിച്ചു? ഇതും ഒരു യാദൃച്ഛികതയാണ് എന്ന് വിശ്വസിക്കലാണോ അതല്ല കാരുണ്യവാനും സർവശക്തനുമായ അല്ലാഹുവിന്റെ സംവിധാനമാണ് എന്ന് വിശ്വസിക്കലാണോ ബുദ്ധിപരവും യുക്തിഭദ്രവും ആയിട്ടുള്ളത്?

നാം ചെയ്യേണ്ടതൊക്കെ ചെയ്തിട്ടും കരുതലും ജാഗ്രതയും പാലിച്ചിട്ടും ചിലപ്പോഴെങ്കിലും അപകടങ്ങൾ സംഭവിക്കാറുണ്ട്. അത്തരം അപകടങ്ങളും നഷ്ടങ്ങളും കെടുതികളുമൊക്കെ യാദൃച്ഛികതയുടെ ഫലം മാത്രമാണെന്നു പറയുന്നവർക്ക് എന്ത് ആശ്വാസമാണ് ലഭിക്കുക? യുക്തിമാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ വിധിയും തീരുമാനവുമാണ് എന്നും അതിൽ തനിക്കറിയാത്ത പല നന്മകളും ഉണ്ടാകുമെന്നും ആത്യന്തികമായി എന്റെ റബ്ബ് എനിക്ക് നന്മ മാത്രമെ വരുത്തുകയുള്ളൂ എന്നും അവൻ അളവറ്റ ദയാപരനും കരുണാവാരിധിയുമാണ് എന്നുമൊക്കെയുള്ള വിശ്വാസമല്ലേ മനസ്സിന് ആശ്വാസം നൽകുന്നത്?

ഇത്തരത്തിലുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ എത്രമാത്രം ആശ്വാസമാണ് ഒരു വിശ്വാസിക്ക് നൽകുന്നത്! നബി(സ്വ) പറഞ്ഞു: “ഏതുതരത്തിലുള്ള ബുദ്ധിമുട്ടുകളും ആപത്തുകളും നിങ്ങളെ ബാധിച്ചു കഴിഞ്ഞാലും അല്ലാഹു നിർദേശിച്ച പ്രകാരം നിങ്ങൾ ഇപ്രകാരം പറയുക: ‘ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ’ (തീർച്ചയായും ഞങ്ങൾ അല്ലാഹുവിന്റേതാണ്. ഞങ്ങളെല്ലാവരും അവനിലേക്ക് മടങ്ങിപ്പോകുന്നവരുമാണ്). എന്നിട്ട് ‘അല്ലാഹുവേ, ഈ ആപത്തിൽ എനിക്ക് നീ പ്രതിഫലം നൽകുകയും ഇതിനെക്കാൾ ഉത്തമമായത് എനിക്ക് നീ പകരം നൽകുകയും ചെയ്യേണമേ’ എന്നിങ്ങനെ ഒരാൾ പ്രാർഥിക്കുകയും ചെയ്താൽ തീർച്ചയായും നഷ്ടപ്പെട്ടതിനെക്കാൾ ഉത്തമമായത് അല്ലാഹു അയാൾക്ക് നൽകാതിരിക്കുകയില്ല” (മുസ്‌ലിം).

മതം വേണ്ട എന്നും ദൈവമില്ല എന്നുമൊക്കെ പറഞ്ഞു നടക്കുന്നവർ ഇത്തരം സന്ദർഭങ്ങളിൽ എന്താണ് ചെയ്യുക? നിരാശരും ദുഃഖിതരുമായി മനം മടുത്ത് ഒരു മൂലയിൽ ഒതുങ്ങുകയോ ഒരുവേള ആത്മഹത്യയെക്കുറിച്ചുവരെ ചിന്തിക്കുകയോ ചെയ്തേക്കും. അവിടെയാണ് സത്യവിശ്വാസികൾ തിരിച്ചറിവോടെ മനസ്സറിഞ്ഞു റബ്ബിനെ സ്തുതിച്ച് ഇപ്രകാരം പറയേണ്ടത്: ‘ഞങ്ങളെ സത്യദീനിലേക്ക് നയിച്ച അല്ലാഹുവേ, നിനക്കാകുന്നു സർവസ്തുതിയും. നീ ഞങ്ങളെ ഇതിലേക്ക് നയിച്ചില്ലായിരുന്നു വെങ്കിൽ ഞങ്ങൾക്ക് ഈ മാർഗം പുൽകുവാൻ സാധിക്കുമായിരുന്നില്ല.’

നാം ചെയ്യേണ്ടതൊക്കെ ചെയ്തിട്ടും കരുതലും ജാഗ്രതയും പാലിച്ചിട്ടും ചിലപ്പോഴെങ്കിലും അപകടങ്ങൾ സംഭവിക്കാറുണ്ട്. അത്തരം അപകടങ്ങളും നഷ്ടങ്ങളും കെടുതികളുമൊക്കെ യാദൃച്ഛികതയുടെ ഫലം മാത്രമാണെന്നു പറയുന്നവർക്ക് എന്ത് ആശ്വാസമാണ് ലഭിക്കുക? യുക്തിമാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ വിധിയും തീരുമാനവുമാണ് എന്നും അതിൽ തനിക്കറിയാത്ത പല നന്മകളും ഉണ്ടാകുമെന്നും ആത്യന്തികമായി എന്റെ റബ്ബ് എനിക്ക് നന്മ മാത്രമെ വരുത്തുകയുള്ളൂ എന്നും അവൻ അളവറ്റ ദയാപരനും കരുണാവാരിധിയുമാണ് എന്നുമൊക്കെയുള്ള വിശ്വാസമല്ലേ മനസ്സിന് ആശ്വാസം നൽകുന്നത്?

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,
ഒമാൻ



# തന്ത്രവും കുതന്ത്രവും

ഇസ്ലാം മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും നീതിയും ധാർമികതയും സത്യസന്ധതയും ഉറപ്പുവരുത്തുന്ന മതമാണ്. ഖുർആനും സ്വഹീഹായ ഹദീസുകളും അടിസ്ഥാനമാക്കി ധാർമികമായ വഴിയിൽ നല്ല ഉദ്ദേശ്യത്തോടെയാണ് തന്ത്രം ഉപയോഗിക്കേണ്ടതെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. കുതന്ത്രത്തെ (വഞ്ചന, കാപട്യം) ഇസ്ലാം കർശനമായി നിരോധിക്കുന്നു.

ഇസ്ലാമിൽ തന്ത്രം (strategy) എന്നത് ഒരു ലക്ഷ്യം നേടുന്നതിനായി ബുദ്ധിപൂർവം ആസൂത്രണം ചെയ്യുന്ന കാര്യമാണ്. അത് ധാർമികവും ഇസ്ലാമിന്റെ മൂല്യങ്ങൾക്ക് അനുസൃതവുമായിരിക്കണം. തന്ത്രങ്ങളിൽ പാടുള്ളതുണ്ട്, പാടില്ലാത്തതുണ്ട്.

പ്രതിയോഗിയെ വീഴ്ത്താൻ മറഞ്ഞവഴി സ്വീകരിക്കലാണ് തന്ത്രം. അത് സ്ഥാനത്താണെങ്കിൽ നല്ലതും അസ്ഥാനത്താണെങ്കിൽ അപകടവും അനുവദനീയമല്ലാത്തതുമാണ്. ചരിത്രപ്രസിദ്ധമായ ഖന്ദക് യുദ്ധം പഠനവിധേയമാക്കുമ്പോൾ തന്ത്രപ്രയോഗം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. പതിനായിരത്തോളം വരുന്ന ശത്രുസേനയെ മദീനയെ തൊട്ട് ഉപരോധിക്കാൻ നബി(സ്വ)യും സ്വഹാബത്തും കിടങ്ങുകീറി പ്രതിരോധം തീർത്തതാണ് ഖന്ദക് യുദ്ധം അഥവാ കിടങ്ങ് യുദ്ധം.

ആറു മീറ്റർ വീതിയിൽ ഏകദേശം മൂന്ന് കിലോമീറ്ററോളം നീളത്തിലുമാണ് കിടങ്ങ് കുഴിച്ചത്. ഒരു കുതിരപ്പടയാളിക്കുപോലും എടുത്ത് ചാടാൻ പ്രയാസകരമായ രീതിയിലായിരുന്നു അതിന്റെ നിർമാണം. സാധാരണ ആൾപ്പടക്കോ ഒട്ടകങ്ങൾക്കോ ഒരിക്കൽ പോലും അത് ചാടിക്കടക്കാൻ കഴിയില്ല.

എന്നാൽ ഈ കിടങ്ങും ചാടിക്കടന്ന് ദ്വന്ദയുദ്ധത്തിനു തയ്യാറായി വെല്ലുവിളിച്ച് വന്ന ആളാണ് അംറുബ്നു ബുദ്ദ് അൽആമിരി. ഖുറൈ

ശികളിൽ പേരുകേട്ട കുതിരപ്പടയാളിയും അരോഗ ദൃഢഗാത്രനുമായിരുന്നു അയാൾ.

ശക്തനായ അദ്ദേഹത്തിന്റെ വെല്ലുവിളിക്ക് മറുപടി നൽകികൊണ്ട് എഴുന്നേറ്റത് അലി (റ)യായിരുന്നു. പക്ഷേ, അലി(റ)യുടെ രക്തം ചിന്താൻ അയാൾക്ക് താൽപര്യമില്ലായിരുന്നു. എന്നാൽ അലി(റ) അത് കൂട്ടാക്കിയില്ല. അംറ് അതിശക്തനായതുകൊണ്ട് നബി(സ്വ) അലി (റ)യെ തടയാൻ ശ്രമിച്ചു. എന്നാൽ അലി (റ)യുടെ തന്ത്രം മറ്റൊന്നായിരുന്നു. ഞാൻ രണ്ടാളോട് ഏറ്റുമുട്ടാനല്ല തയ്യാറായിട്ടുള്ളത്, ഒരാളോടാണ് എന്ന് പറഞ്ഞു. അത് പറഞ്ഞപ്പോൾ ആരാണ് രണ്ടാമൻ എന്നറിയാൻ അയാൾ തിരിഞ്ഞുനോക്കി. ആ തക്കത്തിൽ അയാളെ തന്റെ ആയുധത്തിന് ഇരയാക്കാൻ അലി(റ)ക്ക് സാധിച്ചു. ഇവിടെ അലി(റ) പ്രയോഗിച്ചത് ഒരു തന്ത്രമായിരുന്നു. സ്ഥാനത്ത് പ്രയോഗിച്ച യുദ്ധ തന്ത്രം.

തന്ത്രങ്ങൾ അസ്ഥാനത്താകുമ്പോൾ അത് കുതന്ത്രമായി മാറുന്നു. അത് അപകടകരവുമാണ്. റബ്ബിന്റെ ശിക്ഷക്ക് വിധേയമാകാൻ കാരണവുമാണ്. മറ്റുള്ളവർക്ക് നേരെ കുതന്ത്രം പ്രയോഗിക്കുക എന്നത് വളരെ മോശം പ്രവർത്തിയാണ്.

നബി(സ്വ) യുദ്ധസന്ദർഭങ്ങളിൽ തന്ത്രപരമായ നീക്കങ്ങൾ നടത്തിയിട്ടുണ്ട്. ഖന്ദക് യുദ്ധത്തിൽ, ശത്രുക്കളുടെ കൂട്ടുകെട്ടിനെ ഭിന്നിപ്പിക്കാൻ നുഅയ്മ് ബിൻ മസ്ഊദി(റ)നെ അയച്ചത് ഒരു ഉദാഹരണമാണ്. ഈ തന്ത്രം മുസ്‌ലിംകൾക്ക് വിജയം നേടാൻ സഹായിച്ചു, എന്നാൽ അത് വഞ്ചനയോ അനീതിയോ ആയിരുന്നില്ല.

നബി(സ്വ) പറഞ്ഞു: “യുദ്ധം ഒരു തന്ത്രമാണ്” (ബുഖാരി: 3030, മുസ്‌ലിം: 1741).

താൻ കുഴിച്ച കുഴിയിൽ താൻ തന്നെ എന്നതാണ് കുതന്ത്രക്കാർക്ക് സംഭവിക്കാനിരിക്കുന്നത്. സമാനമായി ക്വുർആനിൽ വന്ന പ്രയോഗം ഇപ്രകാരമാണ്.

“ദുഷിച്ച തന്ത്രം (അതിന്റെ ഫലം) അത് പ്രയോഗിച്ചവരിൽ തന്നെയാണ് വന്നുഭവിക്കുക”(35:43).

കുതന്ത്രം (deceit, treachery) എന്നത് വഞ്ചന, കാപട്യം, അന്യായമായ മാർഗങ്ങൾ എന്നിവയെ സൂചിപ്പിക്കുന്നു. ഇത് ഇസ്‌ലാമിൽ കർശനമായി നിരോധിക്കപ്പെട്ടിട്ടുണ്ട്.

ഇമാം മാലികി(റഹി)ന്റെ ഒരു ഫത്‌വ ഭരണപക്ഷത്തിന് എതിരാവുകയും അതിനാൽ അദ്ദേഹം പീഡിപ്പിക്കപ്പെടുകയും അപകീർത്തിപ്പെടുത്താൻ വേണ്ടി ഊരുചുറ്റപ്പെടുകയും ചെയ്യുകയുണ്ടായി. പക്ഷേ, അത് ഭരണപക്ഷത്തിനു തന്നെ വിനയാവാൻ കാരണമായി. ഊരു ചുറ്റിക്കുന്ന സമയത്ത് അദ്ദേഹം താൻ പുറപ്പെടുവിച്ച ഫത്‌വ എല്ലാവരോടും വിളിച്ചു പറയാൻ ആ അവസരം തിരഞ്ഞെടുത്തു. ജനങ്ങൾക്ക് കാര്യം മനസ്സിലായതോടെ ഭരണപക്ഷം തോറ്റു. കുതന്ത്രത്തിന്റെ ആൾക്കാർ ഇന്നല്ലെങ്കിൽ മറ്റൊരുനാൾ ആപതിക്കും എന്ന് തീർച്ച.

അല്ലാഹു കഠിനമായി തന്ത്രം പ്രയോഗിക്കുന്നവനാണ്. ആരാണോ തന്ത്രം പ്രയോഗിച്ച് അല്ലാഹുവിന്റെ അടിയാറുകളെ കെണിയിൽ വീഴ്ത്താൻ പുറപ്പെടുന്നത്, അവരെ അല്ലാഹു അവന്റെ തന്ത്രത്തിലൂടെ ഒരു ശിക്ഷയെന്നോണം കെണിയിൽ വീഴ്ത്തും. അത് റബ്ബിന്റെ സുന്നത്തിൽ പെട്ടതാണ്.

“അവർ ഒരു(ഗൂഢ) തന്ത്രം പ്രയോഗിച്ചു; അവർ അറിയാതെ നാമും ഒരു തന്ത്രം പ്രയോഗിച്ചു” (27:50).

“അവർ (അവിശ്വാസികൾ) തന്ത്രം പ്രയോഗിച്ചു: അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹുവാകട്ടെ, തന്ത്രം പ്രയോഗിക്കുന്നവരിൽ ഉത്തമനാകുന്നു” (3:54).

നബി(സ്വ) കാപട്യവും വഞ്ചനയും മുസ്‌ലിമിന്റെ സ്വഭാവത്തിന് വിരുദ്ധമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്:

“ആരിൽ മൂന്ന് ഗുണങ്ങൾ കാണപ്പെടുന്നുവോ, അവൻ കപടനാണ്: അവൻ സംസാരിക്കുമ്പോൾ കളവ് പറയുന്നു, വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു, അവനെ വിശ്വസിച്ചാൽ അവൻ വഞ്ചിക്കുന്നു” (ബുഖാരി: 33, സ്വഹീഹ് മുസ്‌ലിം: 59).

നബി(സ്വ)യെ വകവരുത്താൻ വേണ്ടി ക്വുറൈശി പ്രമുഖർ കുതന്ത്രം പ്രയോഗിക്കുകയും അവസാനം വധിക്കാൻ തീരുമാനിക്കുകയും ചെയ്തപ്പോൾ ഹിജ്റ പൊയ്ക്കൊള്ളുവാൻ അല്ലാഹു വഹ്‌യു നൽകിക്കൊണ്ട് നബിയുടെ കിടപ്പുസ്ഥാനത്ത് അലി(റ)യെ കിടത്തിക്കൊണ്ട് രക്ഷപ്പെടുത്തുകയാണ് ഉണ്ടായത്.

> പ്രതിയോഗിയെ വീഴ്ത്താൻ മറഞ്ഞ വഴി സ്വീകരിക്കലാണ് തന്ത്രം. അത് സ്ഥാനത്താണെങ്കിൽ നല്ലതും അസ്ഥാനത്താണെങ്കിൽ അപകടവും അനുവദനീയമല്ലാത്തതുമാണ്. തന്ത്രങ്ങൾ അസ്ഥാനത്താകുമ്പോൾ അത് കുതന്ത്രമായി മാറുന്നു. അത് അപകടകരവുമാണ്. റബ്ബിന്റെ ശിക്ഷക്ക് വിധേയമാകാൻ കാരണവുമാണ്. മറ്റുള്ളവർക്ക് നേരെ കുതന്ത്രം പ്രയോഗിക്കുക എന്നത് വളരെ മോശം പ്രവർത്തിയാണ്.

ഈസാ നബി(അ)യെ യൂദാസ് പിലാത്തോസിന്റെ പടയാളികൾക്ക് അദ്ദേഹത്തെ ക്രൂശിക്കാൻ വേണ്ടി ഒറ്റുകൊടുത്തതാണ്. അതവരുടെ കുതന്ത്രമായിരുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. ഒറ്റുകൊടുത്ത യൂദാസിന് ഈസായുടെ രൂപം കൊടുത്ത് ഈസാ നബിയെ അല്ലാഹുവിലേക്ക് ഉയർത്തി. അതിനാൽ ക്രൂശീകരണം ഒറ്റുകാരനിൽതന്നെ നടന്നു. അല്ലാഹുവിന്റെ തന്ത്രം വിജയിച്ചു.

സ്വാലിഹ് നബി(അ)യുടെ സമൂദ് ഗോത്രത്തിലെ ഒമ്പത് ആളുകൾ സ്വാലിഹ് നബിയെയും കുടുംബത്തെയും രാത്രിയുടെ ഇരുട്ടിൽ കൊല്ലുന്ന കാര്യത്തിൽ എല്ലാവരും സത്യം ചെയ്യാൻ ആഹ്വാനം ചെയ്ത സന്ദർഭം. കുതന്ത്രം മെനഞ്ഞ ആ സമൂഹത്തെ അവരവരുടെ വീട്ടിലായിരിക്കെ തന്നെ അല്ലാഹു നശിപ്പിച്ചു എന്നത് ക്വുർആനിൽ കാണാവുന്നതാണ്.

യൂസുഫ് നബി(അ)യുടെ കഥയിൽ, തന്റെ സഹോദരന്മാരെ പരീക്ഷിക്കാൻ ഒരു തന്ത്രം പ്രയോഗിച്ചതായി ക്വുർആൻ വിവരിക്കുന്നു. ബിന്യാമിനെ രാജാവിന്റെ മുമ്പിൽ നിർത്താൻ യൂസുഫ്(അ) ഒരു തന്ത്രം ഉപയോഗിച്ചു. അത് നീതിയും കുടുംബ ഐക്യവും ലക്ഷ്യമാക്കിയുള്ളതായിരുന്നു:

"അവർ (സഹോദരൻമാർ) പറഞ്ഞു: 'അവൻ മോഷ്ടിക്കുന്നെങ്കിൽ, മുമ്പ് അവന്റെ ഒരു സഹോദരനും മോഷ്ടിക്കുകയുണ്ടായിട്ടുണ്ട്.' എന്നാൽ, യൂസുഫ് അതു തന്റെ മനസ്സിൽ രഹസ്യമാക്കിവെച്ച്; അതിനെ (ക്കുറിച്ച്) അവരോട് (ഒന്നും) വെളിവാക്കിയതുമില്ല"(12:77).

അല്ലാഹു കഠിനമായി തന്ത്രം പ്രയോഗിക്കുന്നവനാണ്. ഇത് മനസ്സിലാക്കാതെ പ്രവാചകന്മാരെ ഇകഴ്ത്താൻ, ഇസ്‌ലാമിന്റെ മുഖം വികൃതമാക്കാൻ, റബ്ബിന്റെ വിശ്വാസ സംഹിതകളെ-വിധിവിലക്കുകളെ കൊഞ്ഞനം കുത്താൻ ചരിത്രത്തിന്റെ ഇന്നലെകളിൽ പലരും പണിയെടുത്തിട്ടുണ്ട്. ഇന്നും അതിൽ ഒട്ടും കുറവില്ല. ഇസ്‌ലാം വാളുകൊണ്ടാണ് പ്രചരിച്ചത് എന്നും ഇസ്‌ലാമിൽ സ്ത്രീകൾക്ക് അവകാശവും സ്വാതന്ത്ര്യവുമില്ല എന്നും ഇസ്‌ലാമിൽ സാമ്പത്തിക തുല്യതയും സമത്വവും നീതിയുമില്ല എന്നും, ഇസ്‌ലാമിലെ ശിക്ഷാവിധികൾ കാടത്തമാണ്, ഇസ്‌ലാം ഭീകരതയാണ്, തീവ്രതയാണ് എന്നിങ്ങനെയൊക്കെ പലരും വിമർശിച്ചുകൊണ്ടേയിരിക്കുന്നു.

സത്യത്തിൽ ഇസ്‌ലാമിന് ലഭിച്ചുകൊണ്ടിരിക്കുന്ന സ്വീകാര്യതയെ ഭയന്നിട്ടാണ് ഇങ്ങനെയുള്ള ദുരാരോപണങ്ങൾ ഇവർ പ്രചരിപ്പിക്കുന്നത്. പക്ഷേ, ഫലം നേരെ വിപരീതമാണ്. ഇത്തരം ആരോപണങ്ങൾ കാരണം ഇസ്‌ലാമിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നവരുടെ എണ്ണം കൂടിവരികയാണ് ചെയ്യുന്നത്.

ഭൂമിക്കു മുകളിലുള്ള ഒരു കുടിലിലും കൊട്ടാരത്തിലും അല്ലാഹുവിന്റെ മതത്തിന്റെ സന്ദേശം എത്താതിരിക്കില്ല. നബി(സ്വ) ഇങ്ങനെ പ്രവചിച്ചത് ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിലാണ്. അത് പുലരുക തന്നെ ചെയ്യും. അതിന് വിമർശനങ്ങളും കാരണമായി ഭവിക്കും.

**തന്ത്രവും കുതന്ത്രവും തമ്മിലുള്ള വ്യത്യാസം:**

1. ഉദ്ദേശ്യം: തന്ത്രം നല്ല ഉദ്ദേശ്യത്തോടെ, നീതിപൂർവം പ്രവർത്തിക്കുന്നു; കുതന്ത്രം സ്വാർഥതയോ അനീതിയോ ലക്ഷ്യമിടുന്നു.
2. ധാർമികത: തന്ത്രം ഇസ്‌ലാമിന്റെ ധാർമിക മൂല്യങ്ങൾക്ക് അനുസൃതമാണ്; കുതന്ത്രം വഞ്ചനയും കള്ളവും ഉൾക്കൊള്ളുന്നു.
3. ഫലം: തന്ത്രം സമൂഹത്തിന് ഗുണം ചെയ്യാൻ ഉദ്ദേശിക്കുന്നു; കുതന്ത്രം മറ്റുള്ളവർക്ക് ദോഷം വരുത്തുന്നു.

ക്വുർആനിന്റെയും സ്വീകാര്യയോഗ്യമായ ഹദീസുകളുടെയും മാർഗനിർദേശങ്ങൾ പിന്തുടർന്ന്, ഒരു മുസ്‌ലിം എല്ലാ പ്രവർത്തനങ്ങളിലും സത്യസന്ധതയും നീതിയും പാലിക്കണം. അല്ലാഹു അനുഗ്രഹിക്കട്ടെ. ■



ഹാഷിം
: 98471 96603

# പ്രബോധകന്റെ മനസ്സ്

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറെ ഉത്തമരാണ് മനുഷ്യർ. ആ മനുഷ്യരിൽ ഏറ്റവും ഉത്തമ സമുദായം എന്ന് ക്വുർആൻ വിശേഷിപ്പിച്ചവരാണ് മുസ്‌ലിംകൾ. മനുഷ്യർക്കാകമാനം നേർമാർഗം കാണിച്ചുകൊ ടുക്കുവാൻ അല്ലാഹു മുസ്‌ലിം സമുദായത്തിന് ഏൽപിച്ചു കൊടുത്ത ഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ.

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു" (ക്വുർആൻ 3:110).

ക്വുർആനിന്റെ ആളുകളായ നമ്മുടെ ഉത്തരവാദിത്തം എന്താണെന്ന് ഈ സൂക്തം നമ്മെ ബോധ്യപ്പെടുത്തുന്നു. എങ്ങനെയാണ് നാം ഈ ഉത്തരവാദിത്തം നിർവഹിക്കേണ്ടത്? മുൻകഴിഞ്ഞ

പ്രവാചകന്മാരുടെയും മുഹമ്മദ് നബി(സ്വ)യുടെയും ജീവിതത്തിൽ നിന്നും പാഠം ഉൾക്കൊള്ളാൻ നാം തയ്യാറായാൽ നമുക്ക് മേൽപറഞ്ഞ ഉത്തരവാദിത്തം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയും.

നബി(സ്വ)യുടെ സ്വഭാവം എങ്ങനെയായിരുന്നുയിരുന്നുവെന്ന് വിശുദ്ധ ക്വുർആൻ നമ്മെ ഉണർത്തുന്നു: "തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (68:4).

പ്രബോധന വിഷയത്തിൽ നബി(സ്വ) എത്രമാത്രം ആത്മാർഥത കാണിച്ചിരുന്നു എന്ന് വ്യക്തമാക്കുന്ന ക്വുർആൻ സൂക്തം കാണുക: "അതിനാൽ ഈ സന്ദേശത്തിൽ അവർ വിശ്വസിച്ചില്ലെങ്കിൽ അവർ പിന്തിരിഞ്ഞ് പോയതിനെത്തുടർന്ന് (അതിലുള്ള) ദുഃഖത്താൽ നീ ജീവനൊടുക്കുന്നവനായേക്കാം" (18:6).

പ്രബോധന ദൗത്യം എങ്ങനെ നിർവഹിക്കണം എന്നത് ഈ ആയത്തുകളുടെയൊക്കെ വിശദീകരണത്തിൽനിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയും. നന്മ കൽപിക്കുക, തിന്മ വിരോധിക്കുക, പ്രബോധിത സമൂഹത്തോടുള്ള ഗുണകാംക്ഷ എന്നിവയാണ് പ്രബോധന ദൗത്യത്തിന്റെ കാതലായ വശങ്ങൾ.

നബി(സ്വ)യുടെ സ്വഭാവം എങ്ങനെയായിരുന്നു എന്ന് പ്രിയ പത്നി ആഇശ(റ) വ്യക്തമാക്കുന്നു: "അദ്ദേഹത്തിന്റെ സ്വഭാവം ക്വുർആൻ ആയിരുന്നു."

മുൻകഴിഞ്ഞ പ്രവാചകന്മാരെല്ലാം ഇത്തരത്തിൽ ഉദാത്തമായ ഗുണവിശേഷണങ്ങളുള്ളവരും പ്രബോധിതരോട് സൗമ്യമായി പെരുമാറിയിരുന്നവരും അതിന് കൽപിക്കപ്പെട്ടവരുമായിരുന്നു.

മൂസാ നബി(അ)യെയും ഹാറൂൺ നബി(അ)യെയും ഫിർഔനിന്റെ അടുക്കലേക്ക് നിയോഗിക്കുമ്പോൾ അല്ലാഹു പറഞ്ഞു: "നിങ്ങൾ രണ്ടുപേരും ഫിർഔനിന്റെ അടുത്തേക്ക് പോകുക. തീർച്ചയായും അവൻ അതിക്രമകാരിയായിരിക്കുന്നു. എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരുവേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം" (20:43,44).

മൂസാ നബി(അ)യെ ഫിർഔനിന്റെ അടുക്കലേക്ക് സത്യപ്രബോധാനവുമായി പറഞ്ഞയച്ച സന്ദർഭത്തിൽ മൂസാ(അ) അല്ലാഹുവോട് പ്രാർഥിച്ച കാര്യം പ്രബോധകന്റെ ജീവിതത്തിൽ നിത്യവും ഉണ്ടാകേണ്ട ഒന്നാണ്.

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്തരേണമേ. എന്റെ നാവിൽനിന്ന് നീ കെട്ടഴിച്ച് തരേണമേ; ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേതിന്"(20:25-28).

മൂസാ നബി(അ)ക്ക് അല്ലാഹു, അദ്ദേഹം ചോദിച്ച കാര്യങ്ങൾ നൽകുകയും ഫിർഔനിന്റെ അടുക്കൽ ചെന്ന് അദ്ദേഹം പ്രബോധനം നടത്തുകയും ചെയ്തു. മായാജാലക്കാരെക്കൊണ്ട് അവരെ തോൽപിക്കാൻ ഫിർഔൻ ശ്രമിച്ചെങ്കിലും അല്ലാഹു അവന്റെ ദൂതന്മാർക്ക് വിജയം നൽകുകയുണ്ടായി. മൂസാ നബി(അ)ക്ക് നൽകപ്പെട്ടതുപോലെ ഹൃദയവിശാലതയും വാക്ചാതുരിയും മുഹമ്മദ് നബി(സ്വ)ക്കും നൽകപ്പെട്ടു. അല്ലാഹു പറയുന്നു: "നിനക്ക് നിന്റെ ഹൃദയം നാം വിശാലതയുള്ളതാക്കി തന്നില്ലേ? നിന്നിൽനിന്ന് നിന്റെ ആ ഭാരം നാം ഇറക്കിവെക്കുകയും ചെയ്തു. നിന്റെ മുതുകിനെ ഞെരിച്ചു കളഞ്ഞതായ(ഭാരം). നിനക്ക് നിന്റെ കീർത്തി നാം ഉയർത്തിത്തരികയും ചെയ്തിരിക്കുന്നു" (94:14).

നബി(സ്വ) പ്രബോധിത സമൂഹത്തോട് പെരുമാറിയത് സൗമ്യതയോടെയും ഗുണകാംക്ഷയോടെയുമാണ്. അതുകൊണ്ടാണ് ജനങ്ങൾ അദ്ദേഹത്തിലേക്ക് ആകർഷിക്കപ്പെട്ടത്. അല്ലാഹു പറയുന്നു:

"(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്" (3:159).

ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന പാഠങ്ങൾ ഇവയാണ്:

1. ഉൽകൃഷ്ടമായ സ്വഭാവമുള്ളവനായി മാറുക എന്നത് അല്ലാഹു നൽകുന്ന കാരുണ്യമാണ്. അതുകൊണ്ട് എക്കാലത്തുമുള്ള ഇസ്‌ലാമിക പ്രബോധകർ ഉൽകൃഷ്ട സ്വഭാവം എന്ന അനുഗ്രഹത്തിന് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കണം.

"അല്ലാഹുവേ, എന്റെ സൃഷ്ടിപ്പിനെ നന്നാക്കിയതുപോലെ എന്റെ സ്വഭാവത്തെ നീ നന്നാക്കേണമേ" എന്ന പ്രാർഥന നബി(സ്വ) നമ്മെ പഠിപ്പിച്ചിട്ടുള്ളത് ഓർക്കുക.

2. കഠിന ഹൃദയമുള്ളവനായിരുന്നെങ്കിൽ പ്രബോധിതസമൂഹം നബി(സ്വ)യിൽ നിന്നും പിന്തിരിഞ്ഞു പോകുമായിരുന്നു. ഇത് നമ്മുടെ ജീവിതത്തിലും ഉണ്ടാകുന്ന കാര്യം തന്നെയാണ്. മറ്റുള്ളവരോട് സൗമ്യമായി പെരുമാറുവാൻ തയ്യാറില്ലാത്തവർക്ക് നല്ല പ്രബോധകനാകാൻ സാധ്യമല്ല.

വർഷങ്ങളോളം നബി(സ്വ)ക്ക് സേവനം ചെയ്ത അനസ്(റ) പറഞ്ഞത് അവിടുന്ന് ഒരിക്കൽ പോലും ദേഷ്യത്തോടെ ഒരു വാക്ക് പോലും തന്നോട് പറഞ്ഞിട്ടില്ല എന്നാണ്. നാം നമ്മെക്കുറിച്ച് ഒന്ന് ആലോചിച്ച് നോക്കുക.

3. സഹജീവികളുടെ മാനുഷികമായ വീഴ്ചകൾ പൊറുത്തു കൊടുക്കുക. അത് വളരെ വലിയ ഒരു ഒരു ഗുണമാണ്. എന്നാൽ അത് പ്രാവർത്തികമാക്കാൻ കഴിയുന്നവർ വളരെ കുറവാണ്.

4. നമ്മോട് തെറ്റുകൾ ചെയ്തവരുടെ പാപങ്ങൾ പൊറുത്തു കൊടുക്കുവാൻ അല്ലാഹുവിനോട് പ്രാർഥിക്കുക. നമ്മിൽ എത്ര പേർക്ക് ഇതിന് കഴിയും?

"...അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" (59:10).

നബി(സ്വ)യുടെ ജീവിതത്തിലെ ഏറ്റവും തിളക്കമാർന്ന, വിട്ടുവീഴ്ചയുടെ മഹനീയ മാതൃക വെളിവാക്കുന്ന ഒന്നാണ് ത്വാഇഫിലെ സംഭവം. സ്വന്തം കുടുംബത്തിൽപെട്ട ആളുകളടങ്ങുന്ന ജനതയിലേക്ക് പ്രബോധനവുമായി ചെന്നപ്പോൾ അവർ കുട്ടികളെപ്പോലും ഉപയോഗിച്ച് റസൂലിനെ എറിഞ്ഞോട്ടി. ഈ സമയത്ത് അവരെ നശിപ്പിക്കാൻ അനുവാദം ചോദിച്ചുകൊണ്ട് മലക്കുകൾ വന്നപ്പോൾ നബി(സ്വ) പറഞ്ഞ മറുപടി 'അല്ലാഹുവേ, അവർക്കു നീ പൊറുത്തു കൊടുക്കണേ. നിശ്ചയമായും അവർ അറിവില്ലാത്ത ജനതയാകുന്നു' എന്നായിരുന്നു. പിൽക്കാലത്ത് ഈ ജനത ഇസ്‌ലാമിലേക്ക് കടന്നുവന്ന ചരിത്രവും നമുക്ക് മുമ്പിലുണ്ട്

5. അവരോട് ഭൗതിക കാര്യങ്ങളിൽ കൂടിയാലോചന നടത്തുക. മതവിഷയങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ലൗകികമായ കാര്യങ്ങളിൽ അവരുമായി കൂടിയാലോചന നടത്താവുന്നതാണ്. ഇതിന്റെ വിശദീകരണമായി അമാനി മൗലവി എഴുതിയത് കാണുക:

"കാര്യങ്ങളിൽ അവരുമായി കൂടിയാലോചന നടത്തണമെന്ന്, ഒരു വിഷയത്തിൽ ഒരാൾ മറ്റൊരാളുമായി കൂടിയാലോചന നടത്തുമ്പോൾ, അക്കാര്യത്തിൽ അയാളുടെ അഭിപ്രായംകൂടി അറിയുവാൻ സാധിക്കുന്നതിന് പുറമെ, അയാൾക്കൊരു മാന്യസ്ഥാനം കൽപിക്കൽകൂടി അതുമുഖേന ഉണ്ടായിത്തീരുന്നു. ആ സ്ഥിതിക്ക് റസൂൽ(സ്വ) അവരോട് കൂടിയാലോചിക്കുന്നത് അവരുടെ മനസ്സിന് കൂടുതൽ അടുപ്പവും ഇണക്കവും അനുസരണ സന്നദ്ധതയും ഉളവാക്കുമല്ലോ. യുദ്ധം പോലെയുള്ള പൊതുകാര്യങ്ങൾ, നയതന്ത്രപരമായ കാര്യങ്ങൾ, ഭരണകാര്യങ്ങൾ, ലൗകിക വിഷയങ്ങൾ മുതലായ കാര്യങ്ങളാണ് ഇവിടെ ഉദ്ദേശ്യം. അഥവാ, മതകാര്യങ്ങളിൽ-അവ എങ്ങനെ വേണമെന്നതിൽ-ആരുടെയും അഭിപ്രായം ആരായേണ്ടതില്ല. അതിൽ അല്ലാഹുവും അവന്റെ റസൂലും എടുക്കുന്ന തീരുമാനത്തിന് മാത്രമെ സ്ഥാനമുള്ളൂ. അതുപോലെതന്നെ, മൽസൂചിപ്പിച്ച ഏതെങ്കിലും ഒരു വിഷയത്തിൽ അത് ഇന്നപോലെ ആയിരിക്കണമെന്ന് നബി(സ്വ)ക്ക് വഹ്‌യു ലഭിച്ചു കഴിഞ്ഞാൽ, ആ കാര്യത്തിലും പിന്നെ അന്യരുടെ അഭിപ്രായം ആരായുവാനില്ല."

6. കൂടിയാലോചന നടത്തി ഒരു തീരുമാനമെടുത്താൽ പിന്നെ അല്ലാഹുവിൽ ഭരമേൽപിച്ച് മുന്നോട്ടു പോകുക.

7. അല്ലാഹുവിൽ ഭരമേൽപിക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. മഹാനായ ഇബ്‌റാഹീം നബി(അ)യെ തീയിൽ എറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് 'എനിക്ക് അല്ലാഹു മതി' എന്നാണ്. ഈ തവക്കുൽ മനഃസ്ഥിതികൊണ്ടാണ് ഇബ്‌റാഹീം നബി(അ)ക്ക് എല്ലാ പരീക്ഷണങ്ങളെയും അതിജീവിക്കാൻ കഴിഞ്ഞത്.

ഇസ്‌ലാമിക പ്രമാണങ്ങൾ പഠിച്ചറിഞ്ഞ് അവ പ്രാവർത്തികമാക്കി ജീവിക്കുന്നവർക്കാണ് പ്രബോധനജീവിതത്തിൽ വിജയിക്കാൻ കഴിയുക. അവരാണ് യഥാർഥ പ്രബോധകന്മാർ. ■

റോഷൻ പുനലൂർ
: 8590613225



# മുഹർറം;
# ആത്മവിചിന്തനത്തിന്റെ പുലരികൾ

മുഹർറം; ഒരുപാട് ചരിത്രസംഭവങ്ങളുടെ കേദാരം. അധർമത്തിനെതിരെ പോരാടിയ വീര ചരിതങ്ങൾ... അവയിൽ വിജയിച്ചതും പരാജയപ്പെട്ടതുമുണ്ട്. സന്തോഷത്തിന്റെയും സന്താപത്തിന്റെയും താളുകളുണ്ട്. ആഹ്ലാദത്തിന്റെയും കണ്ണുനീരിന്റെയും രസങ്ങളുണ്ട്.

ചരിത്രത്തിൽ എന്നും ഇരുട്ടിന്റെ ശക്തികളുണ്ടായിട്ടുണ്ട്. അവയോട് ഏറ്റുമുട്ടാൻ വെളിച്ചത്തിന്റെ വക്താക്കളുമുണ്ടായിട്ടുണ്ട്. അതേസമയം, പ്രതികരിക്കേണ്ടിയിരിന്നിട്ടും മിണ്ടാതെ നിന്നവരെയും കാണാം. അവരെ ചരിത്രം എന്നും അവജ്ഞയോടെയാണ് ഓർക്കുന്നത്. അധർമം കാണുമ്പോൾ, സാധ്യമായ രീതിയിലെല്ലാം അതിനെ പ്രതിരോധിക്കേണ്ടവനാണ് വിശ്വാസി. ഏറ്റവും ചുരുങ്ങിയത്, മനസ്സു കൊണ്ടെങ്കിലും എതിർപ്പ് പ്രകടിപ്പിക്കുക. വിശ്വാസികളുടെ ഹൃദയങ്ങളിൽ അലയടിക്കുന്ന ധർമബോധത്തിന്റെ പ്രതിഫലനമാണത്.

ചരിദ്രതയുടെയും അസഹിഷ്ണുതയുടെയും ലോകത്ത് നാം നടത്തുന്ന ഒറ്റയാൾ പോരാട്ടത്തിന് പോലും അതിന്റെതായ വിലയുണ്ട്. അന്തിമവിജയം സത്യത്തിനു തന്നെയാണ് എന്നാണ് ഓരോ മുഹർറവും നമ്മോട് പറയുന്നത്. ഈ പുതുവർഷപ്പുലരിയിൽ പിന്നോട്ട് തിരിഞ്ഞ് നോക്കുമ്പോൾ, പല ആഗ്രഹങ്ങളും സ്വപ്നങ്ങളും പരിഹാസച്ചുവയോടെ നമ്മെ നോക്കി ചിരിക്കുന്നുണ്ടാവും, നിറവേറ്റാനാകാത്ത വാഗ്ദാനങ്ങൾ ഹൃദയത്തിൽ നോവു പടർത്തുന്നുണ്ടാവും. അതേ സമയം, ചെയ്തു തീർക്കാനായ നന്മകളിൽ ഏറെ സംതൃപ്തിയും തോന്നാതിരിക്കില്ല. ജീവിതത്തിനുമുണ്ട് ഋതുക്കൾ, സുകൃതങ്ങളുടെ ഒരു വസന്തകാലം, പോരായ്മകൾ കടന്നുവരുന്ന ഗ്രീഷ്മം, വർഷക്കാലം പോലുള്ള ആത്മവിചിന്തനങ്ങൾ, അവസാനം ഒരു ശരത്കാലത്തിൽ ഈ ജീവിതം തന്നെ അവസാനിക്കുകയും ചെയ്യും.

കാലം തന്നെയാണ് സത്യം! എല്ലാം ഉണ്ടായിട്ടും ഒന്നും നേടിയില്ലെന്ന് തോന്നുമ്പോൾ കടന്നുപോയ നിമിഷങ്ങളെ നാം ഓർക്കുന്നു. എത്ര സുന്ദരമായി അതിനെ വരവേറ്റുവോ അത്രയും ലളിതമായി ജീവിത വിജയങ്ങൾക്ക് ഉന്മേഷം പകരുന്നു. കത്തുന്ന വെയിലേറ്റ് തളർന്ന കരിമ്പനകൾ അതിരു തീർക്കുന്ന ഓരോ കാലവും സുകൃതങ്ങൾ പെയ്തൊഴിയുന്ന നല്ല നാളുകൾക്ക് വഴിമാറിക്കൊടുക്കുന്നു. എത്രയോ ചെയ്തു തീർക്കേണ്ട കാര്യങ്ങൾ പാതി വഴിയിൽ ഉപേക്ഷിച്ച് അടുത്ത ലക്ഷ്യവുമായി കടന്നുപോകുന്നു. ഒന്നും ലക്ഷ്യത്തിലേക്കെത്താതെ തടയപ്പെടുന്നു.

ഒഴിവുസമയം, ആരോഗ്യം എന്നീ അനുഗ്രഹങ്ങളെക്കുറിച്ച് മിക്കയാളുകളും അശ്രദ്ധയിലാണെന്ന പ്രവാചകവചനം ഏറെ പ്രസക്തമാണ്. ഒഴിവു സമയം ഒരുപാട് ലഭിച്ചിട്ടും ഒന്നും ചെയ്യാതെ അനന്തമായ ആകാശത്തേക്ക് നോക്കി നെടുവീർപ്പിടുന്നു ചിലർ. സമയം; അത് ഒരു വാളാണ്. അതിനെ നാം വെട്ടുന്നില്ലെങ്കിൽ അത് നമ്മെത്തന്നെ വെട്ടുകയാണ് ചെയ്യുന്നത്. ജ്ഞാന സമ്പത്ത് മറ്റെന്തിനെക്കാളും വിലയേറിയതാണ്. അന്നത്തിന് പ്രയാസപ്പെടുമ്പോഴും ഒരു ഹദീസെങ്കിലും പഠിക്കാനായാലോ എന്നു കരുതി അനവധി ദൂരം സഞ്ചരിച്ച മഹത്തുക്കളുടെ പാദമുദ്രകൾ ഇന്നും മായാതെ കിടക്കുന്നുണ്ട്. വിജ്ഞാന പ്രസാരണത്തിനുവേണ്ടി രാപകലുകളില്ലാതെ യാത്ര ചെയ്ത ധീരന്മാരുടെ വിശുദ്ധിയുടെ കെടാത്ത വിളക്കുകൾ ഇന്നും വെളിച്ചം പരത്തുന്നുണ്ട്. പൂർവികർ നടന്നുതീർത്ത വഴികൾക്ക് സൗരഭ്യം ഏറെയാണ്. അതിനെ പിന്തുടർന്ന് യാത്രയാരംഭിച്ച ക്വാഫിലക്കൂട്ടങ്ങൾക്കും അതേ സൗരഭ്യമുണ്ട്.

പ്രവാചകനിൽനിന്ന് വിജ്ഞാനം നുകർന്ന അനുചരന്മാർ നാനാദിക്കുകളിലേക്ക് നീങ്ങി. അവിടങ്ങളിൽ അറിവിന്റെ തിരികൊളുത്തി. ആ വെളിച്ചത്തിൽ വിജ്ഞാനത്തിന്റെ വലിയ പാരമ്പര്യം ഉടലെടുത്തു. ആ പാരമ്പര്യത്തിന്റെ തണലിലും വെളിച്ചത്തിലും വേണം പുതുവർഷത്തിലേക്ക് കടക്കാൻ, ജീവിതയാത്രയിലെ അതിരടയാളങ്ങൾക്ക് കെട്ടുറപ്പ് പകരാൻ. പോയവർഷത്തെ ശരിതെറ്റുകളെ തിരിച്ചറിഞ്ഞ് നമുക്ക് മുന്നേറാം. ന്യൂനതകൾ പരിഹരിക്കാൻ വേണ്ട തീരുമാനങ്ങളെടുക്കാം. ഉദയം കാണാൻ ഉറക്കമൊഴിക്കുന്നവരുടെ ജീവിതവും പോരാട്ടവുമൊന്നും വെറുതെയാവില്ല. നമ്മുടെ സ്വപ്നങ്ങൾ നമ്മുടെ നിയോഗത്തിന്റെ ഭാഗമാണ്. സ്രഷ്ടാവ് നിശ്ചയിക്കുന്നത് പ്രകാരം അവ വരികയും പോകുകയും ചെയ്യും. ആ വഴി മുള്ളുകൾ നിറഞ്ഞതാണോ, മധുരമാർന്നതാണോ എന്ന് കണ്ടെത്തേണ്ടത് നമ്മുടെ നിശ്ചയങ്ങളാണ്. നമ്മുടെ കർത്തവ്യങ്ങളെല്ലാം പരമാവധി നിർവഹിക്കാം. അതിനാണല്ലോ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്. ബാക്കി നാഥനിലേക്ക് വിടാം. വരുന്നതെന്തും സന്തോഷത്തോടെ സ്വീകരിക്കാം, അങ്ങനെയെങ്കിൽ അവയെല്ലാം നമുക്ക് പ്രതിഫലാർഹം തന്നെ. ■

**അന്തിമവിജയം സത്യത്തിനു തന്നെയാണ് എന്നാണ് ഓരോ മുഹർറവും നമ്മോട് പറയുന്നത്. ഈ പുതുവർഷപ്പുലരിയിൽ പിന്നോട്ട് തിരിഞ്ഞ് നോക്കുമ്പോൾ, പല ആഗ്രഹങ്ങളും സ്വപ്നങ്ങളും പരിഹാസച്ചുവയോടെ നമ്മെ നോക്കി ചിരിക്കുന്നുണ്ടാവും, നിറവേറ്റാനാകാത്ത വാഗ്ദാനങ്ങൾ ഹൃദയത്തിൽ നോവു പടർത്തുന്നുണ്ടാവും. അതേസമയം, ചെയ്തു തീർക്കാനായ നന്മകളിൽ ഏറെ സംതൃപ്തിയും തോന്നാതിരിക്കില്ല.**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതു റൂം
(മക്കയിൽ അവതരിച്ചത്)

അധ്യായം 30

وَأَمَّا الَّذِينَ كَفَرُوا وَكَذَّبُوا بِآيَاتِنَا وَلِقَاءِ
الْآخِرَةِ فَأُولَٰئِكَ فِي الْعَذَابِ مُحْضَرُونَ ﴿١٦﴾

16. എന്നാൽ അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളെയും പരലോകത്തെ കണ്ടുമുട്ടുന്നതിനെയും നിഷേധിച്ചുകളയുകയും ചെയ്തവരാരോ അവർ ശിക്ഷയ്ക്കായി ഹാജരാക്കപ്പെടുന്നവരാകുന്നു.

فَسُبْحَانَ اللَّهِ حِينَ تُمْسُونَ وَحِينَ
تُصْبِحُونَ ﴿١٧﴾

17. ആകയാൽ നിങ്ങൾ സന്ധ്യാവേളയിലാകുമ്പോഴും പ്രഭാതവേളയിലാകുമ്പോഴും അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക.

وَلَهُ الْحَمْدُ فِي السَّمَاوَاتِ وَالْأَرْضِ وَعَشِيًّا
وَحِينَ تُظْهِرُونَ ﴿١٨﴾

18. ആകാശങ്ങളിലും ഭൂമിയിലും അവനുതന്നെയാകുന്നു സ്തുതി. വൈകുന്നേരവും ഉച്ചതിരിയുമ്പോഴും (അവനെ നിങ്ങൾ പ്രകീർത്തിക്കുക).

يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ
مِنَ الْحَيِّ وَيُحْيِي الْأَرْضَ بَعْدَ مَوْتِهَا ۚ
وَكَذَٰلِكَ تُخْرَجُونَ ﴿١٩﴾

19. നിർജീവമായതിൽനിന്ന് ജീവനുള്ളതിനെ അവൻ പുറത്ത് കൊണ്ടുവരുന്നു. ജീവനുള്ളതിൽനിന്ന് നിർജീവമായതിനെയും അവൻ പുറത്ത് കൊണ്ടുവരുന്നു. ഭൂമിയുടെ നിർജീവാവസ്ഥയ്ക്ക് ശേഷം അതിന്നവൻ ജീവൻ നൽകുകയും ചെയ്യുന്നു. അതുപോലെത്തന്നെ നിങ്ങളും പുറത്ത് കൊണ്ടുവരപ്പെടും.

وَمِنْ آيَاتِهِ أَنْ خَلَقَكُم مِّن تُرَابٍ ثُمَّ
إِذَا أَنتُم بَشَرٌ تَنتَشِرُونَ ﴿٢٠﴾

20. നിങ്ങളെ അവൻ മണ്ണിൽനിന്ന് സൃഷ്ടിച്ചു. എന്നിട്ട് നിങ്ങളതാ (ലോകമാകെ) വ്യാപിക്കുന്ന മനുഷ്യവർഗമായിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ.

وَمِنْ آيَاتِهِ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ
أَزْوَاجًا لِّتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُم
مَّوَدَّةً وَرَحْمَةً ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ
يَتَفَكَّرُونَ ﴿٢١﴾

21. നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

وَمِنْ آيَاتِهِ خَلْقُ السَّمَاوَاتِ وَالْأَرْضِ
وَاخْتِلَافُ أَلْسِنَتِكُمْ وَأَلْوَانِكُمْ ۚ إِنَّ فِي
ذَٰلِكَ لَآيَاتٍ لِّلْعَالِمِينَ ﴿٢٢﴾

22. ആകാശഭൂമികളുടെ സൃഷ്ടിയും നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

16) (എന്നാൽ അവിശ്വസിക്കുകയും) അവന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുകയും അവിശ്വാസം സ്വീകരിക്കുകയും ചെയ്തു. (നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും) നമ്മുടെ ദൂതന്മാർ കൊണ്ടുവന്ന. (അവർ ശിക്ഷക്കായി ഹാജരാക്കപ്പെടുന്നവരാകുന്നു) എല്ലാ ഭാഗത്തുനിന്നും നരകം അവരെ കവചം ചെയ്യും. വേദനാജനകമായ ശിക്ഷ ഹൃദയങ്ങളിലേക്ക് ആളിപ്പടരും. ചുട്ട് തിളക്കുന്ന പാനീയങ്ങൾ അവരുടെ മുഖം കരിക്കും. അതവരുടെ ആമാശയങ്ങൾ പിളർക്കും. ഈ രണ്ട് വിഭാഗങ്ങൾ തമ്മിൽ എന്തൊരന്തരം!

17-18) അവൻ എല്ലാ മോശം ഗുണങ്ങളിൽനിന്നും പോരായ്മകളിൽനിന്നും മുക്തനാണ്. അവനെപ്പോലെ ഒരു സൃഷ്ടി ഉണ്ടാകുക എന്നതിൽനിന്ന് അവൻ പരിശുദ്ധനാണ്. വേകുന്നേരവും രാവിലെയും ഉച്ചക്കും മധ്യാഹ്നത്തിലും അവനെ പ്രകീർത്തിക്കാൻ അവൻ തന്റെ അടിമകളോട് കൽപിക്കുന്നു. ഈ അഞ്ച് സമയങ്ങൾ അഞ്ച് നമസ്കാര സമയങ്ങളാണ്. അതിൽ അവനെ പ്രകീർത്തിക്കാനും സ്തുതിക്കാനും നിർദേശിക്കുന്നു. അതിൽ നിർബന്ധ നമസ്കാരങ്ങൾ ഉൾപ്പെടും. അതായത് അഞ്ചു നേരത്തെ നമസ്കാരം. ഐഹികകാര്യങ്ങളും ഉൾപ്പെടും. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ, നമസ്കാരശേഷമുള്ള ദിക്റുകൾ; അതിനോടനുബന്ധിച്ചുള്ള സുന്നത്ത് നമസ്കാരങ്ങളും. കാരണം നിർബന്ധ നമസ്കാരങ്ങൾക്കായി അല്ലാഹു നിശ്ചയിച്ച സമയങ്ങൾ ഏറെ ശ്രേഷ്ഠമായ സമയങ്ങളാകുന്നു. ആ സമയത്തുള്ള പ്രകീർത്തനങ്ങളും സ്തുതികളും മറ്റു സമയങ്ങളെക്കാൾ ശ്രേഷ്ഠമാണ്. അതിൽ സുബ്ഹാനല്ലാഹ് (അല്ലാഹു മഹാപരിശുദ്ധൻ) എന്ന വാക്ക് ഉൾപ്പെട്ടിട്ടില്ലെങ്കിലും. അതിലുള്ള ആത്മാർഥത കാണിക്കുന്നത് ആരാധനയിൽ അവന് പങ്കുകാരില്ലെന്ന് പ്രവർത്തനത്തിലൂടെയുള്ള പരിശുദ്ധപ്പെടുത്തലാണ്. ആത്മാർഥമായ ഭക്തികൊണ്ട് ഒരാൾ അർഹമായത് നേടുന്നു.

19) (നിർജീവമായതിൽനിന്ന് ജീവനുള്ളതിനെ അവൻ പുറത്ത് കൊണ്ടുവരുന്നു) നിർജീവ ഭൂമിയിൽനിന്ന് ചെടി മുളപ്പിക്കുന്നതു പോലെ. ധാന്യത്തിൽനിന്ന് കതിരിനെയും, വിത്തിൽനിന്ന് മരത്തെയും, മുട്ടയിൽനിന്ന് കുഞ്ഞിനെയും, അവിശ്വാസിയിൽനിന്ന് വിശ്വാസിയെയും മറ്റും പുറത്ത് കൊണ്ടുവരുന്നതു പോലെ. (ജീവനുള്ളതിൽനിന്ന് നിർജീവമായതിനെയും) മുകളിൽ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായി.

(ഭൂമിയുടെ നിർജീവാവസ്ഥക്ക് ശേഷം അതിന്നവൻ ജീവൻ നൽകുകയും ചെയ്യുന്നു) ഭൂമി നിർജീവമായ സമയത്ത് അവനതിൽ മഴ പെയ്യിപ്പിക്കുന്നു. അത് ഇളക്കുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു. (അതുപോലെ തന്നെ നിങ്ങളും പുറത്ത് കൊണ്ടുവരപ്പെടും) നിങ്ങളുടെ ക്വബ്റുകളിൽനിന്ന്. ഭൂമിയെ അതിന്റെ നിർജീവതക്ക് ശേഷം ജീവിപ്പിക്കുന്നവൻ മരിച്ചവരെ ജീവിപ്പിക്കുമെന്നത് വ്യക്തവും ഖണ്ഡിതവുമായ തെളിവാണ്. ബുദ്ധിയുടെ വീക്ഷണത്തിൽ ഇവ രണ്ടും വ്യത്യാസമല്ല. ഒന്ന് നാം നേരിട്ടു കാണുമ്പോൾ, മറ്റേത് അസംഭവ്യമായി കാണാൻ യാതൊരു നിർവാഹവുമില്ല.

20) അല്ലാഹുവിന്റെ ഏകത്വം, മഹത്ത്വം, കഴിവിന്റെ ശക്തി, സൃഷ്ടിപ്പിന്റെ സൗന്ദര്യം, കാരുണ്യത്തിന്റെ വിശാലത തുടങ്ങിയ ദൃഷ്ടാന്തങ്ങളുടെ ഒരു പട്ടിക തുടങ്ങുകയാണിവിടെ. (നിങ്ങളെ അവൻ മണ്ണിൽനിന്നും സൃഷ്ടിച്ചു) ഇത് മനുഷ്യരാശിയുടെ ഉത്ഭവത്തെ സൂചിപ്പിക്കുന്നു. അതായത് ആദമിൽ(അ) നിന്നുള്ള പരമ്പരയെ. (എന്നിട്ട് നിങ്ങളിതാ വ്യാപിക്കുന്ന മനുഷ്യവർഗമായിരിക്കുന്നു) ഒരൊറ്റ അടിത്തറയിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചു. എന്നിട്ട് ഭൂഖണ്ഡങ്ങളിലാകെ നിങ്ങളെ വ്യാപിപ്പിച്ചു. ഒരു പദാർഥത്തിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചു. ഭൂമിയിലാകെ വ്യാപിപ്പിച്ചു എന്നതിൽ വലിയ ദൃഷ്ടാന്തമുണ്ട്. അവൻ യഥാർഥ രക്ഷിതാവും സ്തുത്യർഹനായ അധികാരിയും സ്നേഹനിധിയായ കാരുണ്യവാനും ആണെന്നതിന്; അവൻ നിങ്ങളെ മരണശേഷം തിരിച്ചുകൊണ്ടുവരുമെന്നതിനും.

21) (അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ) അവന്റെ കരുണയിലേക്കും അടിമകളോടുള്ള അവന്റെ കരുതലിലേക്കും വിരൽ ചൂണ്ടുന്ന അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. (നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും) നിങ്ങളോട് ഇണങ്ങുകയും നിങ്ങൾ അവനോട് ഇണങ്ങുകയും ചെയ്യുന്ന ഇണകളായി നിങ്ങളെ സൃഷ്ടിച്ചത്. നിങ്ങൾ പരസ്പരം




പൊരുത്തപ്പെടുന്നു. (നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും നിങ്ങൾ സമാധാനപൂർവം ഒത്തുചേരേണ്ടതിനായി) വിവാഹത്തോടെ സ്നേഹവും കാരുണ്യവും ഉണ്ടാക്കുന്ന കാരണങ്ങൾ ഉണ്ടാവുന്നു. അങ്ങനെ ഒരു പുരുഷൻ തന്റെ ഭാര്യയിൽ ശാരീരികമായ ആനന്ദം കണ്ടെത്തുകയും അതിലൂടെ ജനിക്കുന്ന സന്താനങ്ങളെ വളർത്തി അവരെ ഉപകാരപ്പെടുത്തുകയും സമാധാനജീവിതം നയിക്കുകയും ചെയ്യുന്നു. ഇണകൾക്കിടയിൽ കണ്ടെത്തുന്ന സ്നേഹവും കാരുണ്യവും സാധാരണ രണ്ടുപേർക്കിടയിൽ കാണുക സാധ്യമല്ല. (തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്) തങ്ങളുടെ ചിന്തകളെ ഉപയോഗിക്കുകയും ദൃഷ്ടാന്തങ്ങളെ ചിന്തിച്ച് പഠിക്കുകയും ഓരോന്നിനെയും പരസ്പരം ബന്ധപ്പെടുത്തി ചിന്തിക്കുകയും ചെയ്യുന്നവർക്ക്.

22) അറിവുള്ളവർ പാഠങ്ങൾ ഉൾക്കൊള്ളുകയും ദൃഷ്ടാന്തങ്ങളെ വിശകലനം ചെയ്ത് പഠിക്കുകയും ചെയ്യുന്ന ഇത്തരം ദൃഷ്ടാന്തങ്ങൾ ഒട്ടനവധിയാണ്. ആകാശഭൂമികളുടെയും അവയിലുള്ള എല്ലാറ്റിന്റെയും സൃഷ്ടിപ്പ് അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. അത് അല്ലാഹുവിന്റെ അധികാരത്തിന്റെ മഹത്ത്വത്തെയും അവന്റെ ശക്തിയുടെ പൂർണതയെയും സൂചിപ്പിക്കുന്നു. കാരണം അവനാണ് ഈ മഹത്തായ സൃഷ്ടികളെ ഉണ്ടാക്കിയത്. അതവന്റെ പൂർണമായ ജ്ഞാനത്തെ സൂചിപ്പിക്കുന്നു. കാരണം അതിന്റെ സൃഷ്ടിപ്പ് അന്യൂനമാണ്. അവന്റെ അറിവാകട്ടെ വിശാലവും. കാരണം അവന്റെ സൃഷ്ടിയെക്കുറിച്ച് അവനെന്തായാലും അറിയാതിരിക്കില്ലല്ലോ.

“സൃഷ്ടിച്ചുണ്ടാക്കിയവൻ എല്ലാം അറിയുകയില്ലേ”(67:14).

അവന്റെ കാരുണ്യത്തിന്റെയും കൃപയുടെയും വിശാലതയിലേക്ക് കൂടി അത് വിരൽ ചൂണ്ടുന്നു. കാരണം അവന്റെ സൃഷ്ടിയിൽ വലിയ പ്രയോജനങ്ങൾ അടങ്ങിയിരിക്കുന്നു. കൂടാതെ ചില പ്രത്യേകതകളും വ്യതിരിക്തതകളും അവന്റെ സൃഷ്ടിപ്പിൽ കാണുന്നതിനാൽ അവനുദ്ദേശിക്കുന്നത് തെരഞ്ഞെടുക്കുന്നവനാണവൻ എന്നു മനസ്സിലാക്കാം. ഏകനാക്കാനും ആരാധിക്കപ്പെടാനും അർഹനായ ഏകൻ. കാരണം സൃഷ്ടിപ്പിൽ അവൻ ഏകനാണ്. അപ്പോൾ ആരാധനയിലും ഏകനാവൽ നിർബന്ധം.

യുക്തിപരമായ ഈ തെളിവുകളിലേക്കെല്ലാം അല്ലാഹു നമ്മുടെ ശ്രദ്ധ തിരിക്കുകയും അവയെക്കുറിച്ച് ചിന്തിക്കാനും അതിൽനിന്ന് പാഠങ്ങൾ പഠിക്കാനും അവൻ നിർദേശിക്കുകയും ചെയ്യുന്നു. (നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും) ഇതിലും ദൃഷ്ടാന്തമുണ്ട്. നിങ്ങൾ ധാരാളം ആളുകൾ ഉണ്ടായിട്ടും ഉത്ഭവം ഒരു സ്ഥലത്തുനിന്നായിട്ടും ഒരു പോലെയുള്ള രണ്ട് സ്വരങ്ങളോ എല്ലാ വിധത്തിലും സാമ്യമുള്ള രണ്ട് നിറങ്ങളോ നിങ്ങൾ കണ്ടെത്തുകയില്ല. മറിച്ച് അവ തമ്മിൽ വ്യത്യാസങ്ങളുണ്ടാവും. അങ്ങനെ നിങ്ങൾക്ക് അവയെ തിരിച്ചറിയാനാകും. (തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്) ഇത് അവന്റെ കഴിവിന്റെ പൂർണതയെ കുറിക്കുന്നു. അവന്റെ ഇഷ്ടം നടക്കുമെന്നും അവന്റെ ദാസന്മാരോടുള്ള അവന്റെ കരുതലിന്റെയും കാരുണ്യത്തിന്റെയും അവസ്ഥയും മനസ്സിലാക്കിത്തരുന്നു. കാര്യങ്ങൾ പരസ്പരം സാമ്യമുള്ളതാകുമ്പോ ൾ ആശയക്കുഴപ്പത്തിന് സാധ്യതയുണ്ട്. അത് ആളുകളുടെ ഉദ്ദേശ്യങ്ങളും താൽപര്യങ്ങളും നഷ്ടപ്പെടുത്തും.

ഉമ്മു അൽയസഅ്

# അവന്റെ മരണം



ചെറുപ്പക്കാരൻ
അവിവാഹിതൻ
പെട്ടെന്നായിരുന്നു
ആക്സിഡന്റായിരുന്നു
ഒട്ടും പ്രതീക്ഷിക്കാത്തത്!
അല്ലേലും,
മരണത്തിന്റെ വരവ്
അങ്ങനെയാണല്ലോ!
അവൻ മരിച്ചപ്പോൾ
പെറ്റുമ്മയുടെ
കണ്ണിൽനിന്ന് പോലും
ഒരിറ്റു കണ്ണീർ വന്നില്ല!
കാരണം, കുറച്ചുകാലമായി
അവൻ മനുഷ്യമൃഗമായിരുന്നു.
ഉമ്മാക്കു പോലും
പേടിസ്വപ്നമായിരുന്നു.
ലഹരി ലഭിക്കാതിരുന്നാൽ
അവൻ ഭ്രാന്തനായിരുന്നു.
അതുകൊണ്ടുതന്നെ
അവന്റെ മരണം
എല്ലാവർക്കും
ആശ്വാസമായിരുന്നു.
പോയത് നന്നായി എന്ന ഭാവം!
പോസ്റ്റ്മോർട്ടം കഴിഞ്ഞ്
പെട്ടെന്നുതന്നെ ഖബറടക്കി.
കാത്തുനിൽക്കാൻ
ആരുമില്ലായിരുന്നു.
അതിനുമാത്രമുള്ള ബന്ധം
ആരുമായും അവന്
ഇല്ലായിരുന്നല്ലോ.
അവൻ ലഹരിയുടെ മാത്രം
ലോകത്തായിരുന്നല്ലോ!



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

മരണാനന്തര ജീവിതത്തെ സത്യപ്പെടുത്തുന്ന
പ്രാമാണികവും ബൗദ്ധികവുമായ
തെളിവുകൾ നിരത്തുന്ന രചന




വില 90 രൂപ

FREE HOME DELIVERY

മരണാനന്തര ജീവിതം സത്യമോ മിഥ്യയോ ?

മുബാറക്ക് ബിൻ ഉമർ

WISDOM BOOKS

പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു

ORDER NOW

+91 7356 766 478

https://wisdombooksonline.com/product/88

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 21 June 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031